
വി.ബി.എസ
കാടിനെ അതിജീവിക്കുക
നമ്മൾ ക്രിസ്തുവിൽ ആരാണെന്ന് മനസ്സിലാക്കുന്നു
വി.ബി.എസിന്റെ
കൈപ്പുസ്തകം

# കാടിനെ അതിജീവിക്കുക

## നമ്മൾ ക്രിസ്തുവിൽ ആരാണെന്ന് പഠിക്കുന്നു.

## വി.ബി.എസിന്റെ കൈപുസ്തകം

(വെക്കേഷൻ ബൈബിൾ സ്കൂൾ )

"കുട്ടികൾ പ്രാധാന്യമുള്ളവർ"എന്നതിൽ നിന്ന് പുതിയ വി.ബി.എസ്

WEB:

www. childrenAreImportant.com/jungle/

"കുട്ടികൾ പ്രാധാന്യമുള്ളവർ" എന്ന എല്ലാ ടീമിനും നന്ദി!

Chief Editor: Kristina Krauss

Creative Team: Dwight Krauss, Flor Boldo, Jennifer Sánchez Nieto, Julio Sánchez Nieto, Mike Kangas, Monserrat Duran Díaz, Suki Kangas, Verónica Toj, and Vickie Kangas.

Thanks to Michael Kangas and Joshua Mendoza for writing fabulous new songs for this VBS program.

Translation Team:

Ali Atuha, Aline Xavier, Annupama Wankhede, Aroma Publications, BlessieJetender, Blessy Jacob, Carla Mayumi, David Raju, Ephraim NjugunaMirobi, Finny Jacob, Jacob Kuruvilla, Jetender Singh, Marcos Rocha, Mathew Das, Nassim Bougtaia, Paul Mwangi, Paul Septan, Rubina Rai, Sabrina Benny John, and SubtitleMe.

## “കാടിനെ അതിജീവിക്കുക” എന്ന വി.ബി.എസിലേക്ക് സ്വാഗതം

കാട്ടിലെ വി .ബി.എസിനു സമയം ആയതിനാൽ നിങ്ങളുടെ ദൂരദർശിനിയും യാത്രാ ഉപകരണങ്ങളും കൈക്കലാക്കി ജീപ്പിലേക്ക് കയറുക.. നമ്മുടെ ചുറ്റും ഉള്ള ലോകം ഒരു കാടിനു സമമാണ്. നമ്മെ മുതലെടുക്കുന്നവരും കൌശലവും തന്ത്രവും പ്രയോഗിക്കുന്നവരും കവർച്ച നടത്തുന്നവരും ആയ ആളുകളുടെ മദ്ധ്യത്തിലാണ് നാം ഏതു സാഹചര്യത്തിലും പിടിച്ചു നില്ക്കേണ്ടത്. ക്രിസ്തുവിൽ നാം ആരാണെന്നറിയുമ്പോൾ  നമ്മുടെ ആത്മ വിശ്വാസം വർദ്ധിക്കുന്നു. ‘’ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക’’ എബ്രായർ 12:1.പ്രതിപാദ്യ വിഷയമായി ഉള്ള വാക്യത്തിൽ നിന്നും നമുക്ക് മുമ്പേ പോയവരാൽ പ്രചോദിതരായി ആത്മവിശ്വാസത്തോടെ ഭയത്തെയും പാപത്തെയും പോരാട്ടങ്ങളെയും അതിജീവിക്കുവാൻ കഴിയുമെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഈ വി.ബി.എസിൽ സാഹസികമായി കാടിന്റെ ഉള്ളിലേക്കു പോയി, ദൈവകുടുംബത്തിലെ അംഗങ്ങൾ ആണെന്ന് തിരിച്ചറിഞ്ഞു ധൈര്യത്തോടും ദയയോടും സംതൃപ്തിയോടും ശക്തിയോടും മറു ഭാഗത്തു കൂടെ നാം വെളിയിൽ വരും.

എപ്പോഴും, നിങ്ങളുടെ കുട്ടികളെ ഒരുമിച്ചോ അല്ലെങ്കിൽ ഗ്രൂപ്പുകളായി തിരിച്ചോ പ്രവർത്തന കേന്ദ്രങ്ങളിലൂടെ ചുറ്റി തിരിച്ചു വിടാവുന്നതാണ്. സാധാരണയായി നല്കുന്ന ലഘുഭക്ഷണം നൽകാവുന്നതോ അല്ലെങ്കിൽ പാഠവുമായി ബന്ധപ്പെട്ടു ഭക്ഷണം കൊടുക്കുവാനുള്ള ക്രമീകരണങ്ങൾ നടത്താവുന്നതോ ആണ്. നേരത്തേ ‘’ബോഗ്ലിയുടെ സാഹസങ്ങൾ’’ എന്ന നാടകത്തിൽ ചെയ്തിരുന്നതുപോലുള്ള മൃഗത്തെ മാതൃകയാക്കി മൃഗങ്ങളെ ഉണ്ടാക്കിയെടുക്കുന്ന കരകൌശലപ്രവൃത്തികൾ കുട്ടികൾക്ക്  അധികം രസകരമായി ചെയ്യാവുന്നതാണ്.ഓരോ കേന്ദ്രത്തിനു ഓരോ രസകരമായ പേര് കൊടുത്തു അവ അലങ്കരിച്ചു കൂടുതൽ രസകരമാക്കാവുന്നതാണ്. ദിനന്തോറുമുള്ള ബൈബിൾ പാഠങ്ങളിൽ കുട്ടികൾക്ക് വരയ്ക്കുവാൻ ഉള്ള  5 ചിത്രങ്ങളിലൂടെ അവരുടെ പുസ്തകങ്ങളിൽ ഒളിഞ്ഞിരിക്കുന്ന കാടിന്റെ സങ്കീർണ്ണതകൾ അറിഞ്ഞു പ്രത്യേകിച്ചു സന്തോഷിക്കുവാൻ കഴിയും. കൂടുതൽ സൃഷ്ടി പരമായ ആശയങ്ങൾ എളുപ്പത്തിൽ പ്രയോഗിക്കുവാനും ആവേശത്തോടെ അലങ്കാര പ്രവൃത്തികൾ ചെയ്യുവാനും കുട്ടികൾക്കു കഴിയുന്നതിനാൽ കാടുമായി ബന്ധപ്പെട്ട ഈ വി.ബി.എസ് അവർക്ക് ഏറ്റവും രസകരമായിരിക്കും.

‘’കാടിനെ അതിജീവിക്കുക’’ എന്ന ഈ വി.ബി.എസ്  ചുറ്റുമുള്ള ലോകത്തിൽ നിന്ന് വിദ്യാർത്ഥികൾക്ക് നേരിടേണ്ടി വരുന്ന പോരാട്ടങ്ങളെ അവഗണിച്ചു ക്രിസ്തുവിൽ അവർ ആരാണെന്ന് മനസിലാക്കുവാൻ സഹായകമാണ്. ദലീലായിൽ നിന്ന് നമ്മെ വശീകരിക്കുന്നവരെക്കുറിച്ചും, ആഖാനിൽ നിന്ന് മോഷ്ടിക്കുവാൻ ശ്രമിക്കുന്നവരെക്കുറിച്ചും, ഗേഹസിയിൽ നിന്ന് നമ്മെ മുതലെടുക്കുന്നവരെക്കുറിച്ചും, ഹാമാനിൽ നിന്നു നേരിട്ടുള്ള ആക്രമണങ്ങളെക്കുറിച്ചും , ഗോലിയാത്തിൽ നിന്ന് ഭീഷണിപ്പെടുത്തുന്നവരെക്കുറിച്ചും നമുക്ക് പഠിക്കുവാൻ കഴിയും. അതേ സമയം തന്നെ നമുക്ക് ശക്തരും സംതൃപ്തരും ദയയും ധൈര്യവും ഉള്ളവരും ആയി ദൈവത്തിന്റെ കുടുംബത്തിന്റെ ഭാഗമാകുവാനും ഇതിലൂടെ കഴിയും. നാലാമത്തെ ദിവസം, ഹൃദയം യേശുവിനു സമർപ്പിച്ച് അവനിൽ ജീവിക്കുവാൻ കുട്ടികളെ നയിക്കുന്നതിനു പ്രത്യേക അവസരങ്ങൾ ലഭിക്കും. , ആർക്കാണ് രക്ഷപെടാനും അത് ഭംഗിയായി അവതരിപ്പിക്കാനും വിജയിക്കാനും കഴിയുന്നതെന്ന് നേരിൽ കാണത്തക്കവിധത്തിൽ “(അതിജീവിക്കുന്നവൻ)രക്ഷകൻ ‘’എന്ന പേരിൽ ഒരു പ്രദർശനം നടത്തി വി.ബി.എസിന് മാറ്റു കൂട്ടാവുന്നതാണ്. എത്രയും കൂടുതൽ സാങ്കേതികവിദ്യ (അഭിനയത്തിലോ വാസ്തവമായോ) വി.ബി.എസിൽ ഉൾപ്പെടുത്താൻ കഴിഞ്ഞാൽ നിങ്ങളുടെ സഭയ്ക്ക് കൂടുതൽ ആധുനികത അതിൽ കണ്ടെത്താൻ കഴിയും.അടുത്തു വരുന്ന അവധിക്കാലത്ത് കാടിന്റെ ഉള്ളിലേക്ക് നിങ്ങളുടെ സഭയോടൊപ്പം പോകുവാൻ ഒരുക്കമാണോ? അനേക സാഹസികതകൾ ‘’കാടിനെ അതിജീവിക്കുക’’!എന്ന ഈ വി.ബി.എസിൽ നിങ്ങൾക്കായി  കാത്തിരിക്കുന്നു.



ക്രിസ്റ്റീന  ക്രോസ്

എഡിറ്റർ, കുട്ടികൾ പ്രാധാന്യമുള്ളവർ

# സാധനസാമഗ്രികൾ(വസ്തുക്കൾ) എങ്ങനെ ഉപയോഗിക്കാം

## ക്ഷണിക്കുന്നത്

അനേക സഭകളും വെക്കേഷൻ ബൈബിൾ സ്കൂളിൽ തങ്ങളുടെ സമൂഹത്തിലുള്ളവരെ ക്ഷണിക്കുന്നതിൽ ആവേശഭരിതരാണ് . സമൂഹമദ്ധ്യത്തിലും, കടകളിലും, പൊതുവാഹനങ്ങളിലും ചുവർ ചിത്രങ്ങൾ(പോസ്റ്ററുകൾ) പതിച്ച് ക്ഷണിക്കുകയാണ് സാധാരണ ചെയ്യാറുള്ളത്. വളരെ തിരക്കുള്ള സ്ഥലങ്ങളിൽ ചെറിയ നോട്ടീസുകൾ വിതരണം ചെയ്യും നിങ്ങൾക്ക് ഇതുചെയ്യാം. ഈ ആവശ്യത്തിനായി പോസ്റ്ററുകളും ചെറിയ നോട്ടീസുകളും ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഈ പരസ്യവസ്തുക്കൾ ഞങ്ങളുടെ വെബ്സൈറ്റിൽ നിന്ന് ഡൌൺ ലോഡ് ചെയ്ത് എടുത്ത് അച്ചടിക്കാവുന്നതാണ്. ചില സഭകൾ ഏതെങ്കിലും പ്രധാന തെരുവീഥികളിൽ കാട്ടിലെ മൃഗങ്ങളെപ്പോലെ വേഷം ധരിച്ച ക്ഷണക്കത്തുകളും മധുരവും വിതരണം ചെയ്ത് നിശ്ചല ദൃശ്യങ്ങളും അലങ്കരിച്ച കാറുകളും  ചേർത്ത് ഒരു പ്രകടനംപോലെ നടത്താറുണ്ട്. പ്രധാന ലോഗോ (ചിഹ്നം) ഗ്രാഫിക്ക് കലകൾ ക്ഷണക്കത്ത്, പോസ്റ്റ് കാർഡുകൾ, പോസ്റ്ററുകൾ, ടീ ഷർട്ടുകൾ, ചെറു നോട്ടീസുകൾ ഇവയെല്ലാം സൗജന്യമായി വെബ്സൈറ്റിൽ നിന്ന് ലഭ്യമാണ്. നിങ്ങൾക്ക് ഇത് ശ്രമിച്ച നോക്കാവുന്നതാണ്. കുട്ടികൾ സുവിശേഷം കേൾക്കേണ്ടതാവശ്യമാണ്. നിങ്ങളുടെ വി.ബി.എസ് അതിനു പറ്റിയ സമയമാണ്.

## തിരഞ്ഞെടുപ്പ്

പ്രത്യേക സന്നദ്ധ സേവകരെ (വോളന്റിയേഴ്സ്) വി.ബി.എസുമായി ബന്ധപ്പെട്ട ഓരോ കാര്യങ്ങൾക്കായി തിരഞ്ഞെടുക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. നിങ്ങളുടെ വി.ബി.എസിനെ മാസങ്ങൾക്കു മുമ്പേ പ്രോത്സാഹിപ്പിച്ചാൽ ഒരു വലിയ സംരംഭം ആഗതമാകുന്നതിൽ സഭ ആവേശഭരിതരായിരിക്കും. സ്വമേധ പ്രവർത്തകരെ തിരഞ്ഞെടുക്കേണ്ട സമയം ആകുമ്പോൾ അവർ ചെയ്തു തീർക്കേണ്ട ജോലികളുടെ ഒരു പട്ടിക ഉണ്ടാക്കി ആരൊക്കെ അതിനു പ്രയോജനപ്പെടും എന്നത് മനസ്സിലാക്കുന്നതും ഉചിതമായിരിക്കും. ജോലിസംബന്ധമായ പ്രത്യേക വാഗ്ദാനം നൽകി അവരെ സമീപിക്കുക. ഒരു ടീമിന്റെ പട്ടിക തയ്യാറാക്കി അവരെ അതിൽ ഉൾപ്പെടുത്തുമ്പോൾ മറ്റുള്ളവരും സ്വമേധയായി ഇതിൽ പ്രവർത്തിക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ അവസരം ഉണ്ടാകും. വി.ബി.എസിന്റെ  ശുശ്രൂഷയിൽ സഹകരിക്കുമ്പോൾ കുട്ടികളോട് ഒപ്പമുള്ള ശുശ്രൂഷ എത്രമാത്രം രസകരമാണെന്ന് സഭയിലുള്ളവർക്ക് കാണിച്ചുകൊടുക്കാൻ കഴിയും എല്ലാ സ്വമേധാ പ്രവർത്തകരും അദ്ധ്യാപകർ ആകണമെന്നില്ല. പുതിയ തലമുറയെ ഉയർത്തിക്കൊണ്ടുവരുന്നതിനു സഭയിലെ എല്ലാവരെയും നമുക്ക് ആവശ്യമാണ്!

## ടീമുകൾ

നിങ്ങളുടെ ഇ ബി വി യിൽ ഏറ്റവും രസകരമായത് മത്സരങ്ങൾ ആണ്,എന്നാൽ ഓർക്കുക അത് അത്ര നിർബന്ധമുള്ള ഒന്നല്ല. ടീമുകളുടെ സന്തുലിതാവസ്ഥ പാലിക്കുന്നതിനു ഓരോ പ്രായത്തിനു അനുസരിച്ച് ഓരോഗ്രൂപ്പുകൾ ആയിത്തിരിക്കാം. ഓരോ ഗ്രൂപ്പിനും ഒരു നിറമോ ഒരു പേരോ കൊടുത്ത് ഒരു "(അതിജീവിക്കുന്നവൻ) രക്ഷകൻ" എന്ന ആശയം ലഭിക്കുവാൻ ഓരോ സംഘത്തിനും അവസരം ഉണ്ടാകുന്നു. ഈ രീതിയിൽ  ഓരോ പ്രായത്തിലുള്ളവരും ഓരോ ഗ്രൂപ്പിലും ഉണ്ടായിരിക്കുകയും അതേസമയത്ത് എല്ലാ ഗ്രൂപ്പുകൾക്കും എല്ലാ പ്രായത്തിലുള്ള അംഗങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യും.

നയിക്കുവാനും പ്രോത്സാഹനം നൽകുവാനും കഴിവുള്ള ഒരാളെ ടീമിന്റെ നായകൻ ആയി തിരഞ്ഞെടുക്കണം. ഓരോ ദിവസം വി.ബി.എസ് തുടങ്ങിയതിനു ശേഷം ഉത്സാഹം ഉളവാകത്തക്കവിധം 15-30 മിനിട്ടുവരെ ഒരു കവാത്തോ  മറ്റെന്തെങ്കിലുമോ സംഘടിപ്പിക്കുക. അവർ ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുകയോ വിജയിക്കാനാവശ്യമായ തന്ത്രങ്ങൾ  ആലോചിക്കുകയോ ചെയ്യാം. പ്രധാന ഹാളിലെ ഓരോ മൂലയും ഓരോ ടീം ഉപയോഗിക്കുന്നതുപോലെ ഈ മീറ്റിംഗുകൾ നടത്തുന്നതാണ് അഭികാമ്യം. ഈ രീതിയിൽ നിങ്ങൾ ഒരുങ്ങുമ്പോൾ തന്നെ മറ്റുള്ളവരെ ശ്രദ്ധിക്കാനും ഒരു ആകാംക്ഷയുടെ സാഹചര്യം ഉണ്ടാക്കുവാനും കഴിയും. കൂടുതൽ പോയിന്റ്  ലഭിക്കാൻ "മാർഷ് ഗെയ്മുകൾ" കളിക്കാം. അതേസമയം തന്നെ നന്നായി പെരുമാറുന്നവരും, വൃത്തിയാക്കാൻ സഹായിക്കുന്നവരും, ദയയുള്ള കൊച്ചുകുട്ടികളെ സഹായിക്കുന്നവരുമായ കുട്ടികളെ ശ്രദ്ധിക്കുവാൻ നിങ്ങളുടെ ലീഡേഴ്സിനോടോ സഹായികളോടോ ആവശ്യപ്പെടാം. ഈ കുട്ടികൾക്ക് അധികം പോയിന്റുകൾ നൽകിയാൽ അത് അവർ ഉൾപ്പെട്ടു നിൽക്കുന്ന ടീമിനു മുൻതൂക്കം ലഭിക്കുന്നതിനു സഹായകമാകും.

ആദ്യദിവസത്തിൽ തന്നെ വിവിധ കൂട്ടങ്ങളായി(ടീമുകളായി) തിരിച്ച ഒരു ടീമിന് ഒരു പേര് നൽകുക. ഓരോ കുട്ടികളുടെയും പേര് പഠിക്കുന്ന രീതിയുള്ള ഒരു കളിക്ക് രൂപം കൊടുക്കുക. രണ്ടാം ദിവസം ഒരു തമാശ പഠിക്കുകയോ ടീമിനുവേണ്ടി ഒന്നിച്ചൊരു ഗാനം ആലപിക്കുകയോ ചെയ്യുക. മൂന്നാം ദിനം വെള്ളിയാഴ്ച അവർ പ്രത്യക്ഷപ്പെടുമ്പോൾ വീശിക്കാണിക്കുവാൻ

വേണ്ടി ഒരു കൊടിയോ ചുവർ ചിത്രമോ ഉണ്ടാക്കുക. നാലാം ദിനം, സമാപന ദിവസത്തിൽ അവതരിപ്പിക്കാനുള്ള കാര്യങ്ങൾ പരിശീലിക്കുക. അതിൽ ആഹ്ലാദ പ്രകടനങ്ങളോ അലങ്കരിച്ച കൊടിയോ ആളുകളെ അഭിവാദ്യം ചെയ്യുന്ന എന്തെങ്കിലുമോ ആവാം. സമാപന ദിനം ഓരോ ടീമും മുമ്പിൽ ചെന്ന് ആഹ്ലാദ പ്രകടനങ്ങളോടെ കൊടി വീശി അവരവരുടെ ടീമിനെ അവതരിപ്പിക്കുക. കഴിഞ്ഞ ദിനങ്ങളിൽ ലഭിച്ച പോയിന്റുകൾ ഉൾപ്പെട്ട ടീമാണ് ഏറ്റവും നല്ലതെന്ന് വിലയിരുത്തുക.

ടീമിന്റെ പേരിനുള്ള നിർദ്ദേശങ്ങൾ :ആമസോണിയൻസ് (യുദ്ധപ്രിയർ),സർവൈവർ(അതിജീവിച്ചവർ), അഡ്വന്ചേർസ് (സാഹസികർ), നാവിഗേറ്റർസ് (നാവികർ) എക്സ്പ്ലോറർ ( പര്യവേക്ഷകർ).:)

ആഴ്ചയുടെ അവസാനം വിജയികളാകുന്ന ടീമിന് ഒരു സമ്മാനമോ പ്രതിഫലമോ ഒരുക്കിവക്കുക!

## കറക്കം

നമ്മുടെ വി.ബി.എസ് നിങ്ങൾക്കിഷ്ടമുള്ള രീതിയിൽ ക്രമീകരിക്കാം എന്നാൽ ഒരേ സമയത്ത് 3 കേന്ദ്രങ്ങളിൽ ചുറ്റിത്തിരിയുന്ന രീതിയിലാണ് ഇത് എഴുതപ്പെട്ടിരിക്കുന്നത്. അതിന്റെ അർത്ഥം നിങ്ങൾ കുട്ടികളെ 3 ഗ്രൂപ്പുകളായി തിരിച്ച് കൊടുത്തിരിക്കുന്ന 3 കേന്ദ്രങ്ങളിലും ചുറ്റുവാൻ കഴിയുന്ന രീതിയിലാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്: ''കേവ് ക്ലാസ്'', ''നാവിഗേറ്റിംങ്ങ് ദ ബൈബിൾ'', ''വാട്ടർ ഫോൾ ക്രാഫ്റ്റ്സ് ''. ഓരോ സ്റ്റേഷനും 20 മുതൽ 40 മിനിട്ട് വരെ ദൈർഘ്യവും. ഓരോ സ്റ്റേഷനും 3 പ്രാവശ്യം ആവർത്തിക്കുന്നതിനാൽ ഓരോ ഗ്രൂപ്പിനും ഓരോ കേന്ദ്രത്തിലേക്കും ദിവസം ഒരു പ്രാവശ്യം പോകുവാൻ കഴിയുന്നു. വിദ്യാർത്ഥികളുടെ പ്രവർത്തി പരിചയ ഭാഗങ്ങൾ വിഭജിക്കുന്നതുപോലെ പ്രായത്തിന്റെ നിലവാരത്തിൽ വിഭജിക്കുന്നതാണ് സൌകര്യപ്രദം.

- എളുപ്പം - 4-6 വയസ്സുവരെ
- ഇടത്തരം – 7-9 വയസ്സുവരെ
- പ്രയാസമേറിയത് – 10-12 വയസ്സുവരെ

നേരത്തെ നിങ്ങൾ ടീമുകളായി വിഭജിച്ചിട്ടുണ്ടെങ്കിൽ അങ്ങനെ മുന്നോട്ടു പോകാവുന്നതാണ്. കൌമാരപ്രായക്കാരേയും യുവജനങ്ങളെയും (13 വയസിനുമേൽ) വി.ബി.എസിനു സഹായികൾ ആയി ഉപയോഗിക്കാം. പ്രയാസമുള്ളത് എന്ന വിദ്യാർത്ഥികളുടെ പുസ്തകം പ്രായമുള്ള വിദ്യാർത്ഥികൾക്കും പ്രായമുള്ളവർക്കും തമാശ ആയി തോന്നിയേക്കാം. കേന്ദ്രത്തിലൂടെ കറങ്ങുന്നതിനു ഏറ്റവും അഭികാമ്യമായ മാർഗ്ഗം കറങ്ങുന്ന സമയത്ത് ഒരു സംഗീതം കേൾപ്പിച്ചാൽ ഒരു കേന്ദ്രത്തിൽ നിന്ന് മറ്റൊന്നിലേക്ക് നീങ്ങാൻ തക്ക ഊർജ്ജം ലഭിക്കും. വിദ്യാർഥികൾ ഒന്നായി ഇരിക്കുന്നത് എളുപ്പം ആയതിനാൽ മാർഷ് ഗെയിമുകളും ട്രോപ്പിക്കൽ റസ്റ്റോറന്റിലെ ലഘു ഭക്ഷണവും ഞങ്ങൾ വേർതിരിച്ചിട്ടുണ്ട്. വേറൊരു കേന്ദ്രം കൂടെ ചേർക്കുന്നതിനുള്ള മറ്റൊരു ഉപാധി ബൈബിൾ വാക്യം പഠിക്കുകയോ പാട്ടുകൾക്കുള്ള ആംഗ്യം കാണിക്കുകയോ, രണ്ടും കൂടി ചേർന്നോചെയ്താൽ മൂന്നു കേന്ദ്രം വീതം 2 ഗ്രൂപ്പുകൾ ആക്കി ക്രമീകരിക്കാം. നിങ്ങളുടെ താല്പര്യ പ്രകാരം അതിനുള്ള പ്ലാനുകൾ നിങ്ങൾക്ക് തയ്യാറാക്കാം.

## പരിപാടി (3-5 മണിക്കൂറുകൾ)

### പ്രാരംഭം

- സംഗീതം
- അവതരണം
- നാടകം

### ടീമുകൾ

ദിനം ദിന പ്രവർത്തനങ്ങൾ (15-30) മിനിറ്റ്

ചുറ്റിത്തിരിയൽ (ടീമോ, പ്രായമോ) (15-30 മിനിറ്റ് ഓരോന്നിനും)

- കേവ് ക്ലാസ്
- നാവിഗേറ്റിംഗ് ദ ബൈബിൾ
- വാട്ടർ ഫോൾ ക്രാഫ്റ്റ്സ്

വിനോദങ്ങൾ (30-45 മിനിറ്റ്

ലഘുഭക്ഷണം (15-30 മിനിറ്റ് )

ഒരുമിച്ചുള്ള സമാപനം

- o സംഗീതം
- o അറിയിപ്പുകളും സമാപനവും

## നാടകങ്ങൾ

ഓരോ പാഠങ്ങളും ആദ്യം അവതരിപ്പിക്കുവാനുള്ള രസകരമായ ഒരു മാർഗ്ഗം മാത്രമല്ല. ദൈനംദിന ജീവിതത്തിൽ വിദ്യാർഥികൾ പഠിക്കുന്ന വിഷയങ്ങളോട് ബന്ധപ്പെടുത്തുവാൻ സഹായിക്കുന്നവയും ആണ്. അതേ അഭിനേതാക്കൾ അതേ വസ്ത്രങ്ങൾ അണിഞ്ഞു പരിപാടികൾ കഴിയുന്നതുവരെ ആയിരിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. അവർ എല്ലാ കേന്ദ്രങ്ങളും സന്ദർശിച്ച വിദ്യാർത്ഥികളെ അഭിവാദനം ചെയ്യുകയും സെൽഫികളും ചിത്രങ്ങളും എടുത്തു മുഴുവൻ ദിവസവും അവരോടൊപ്പം ആയിരിക്കുവാൻകഴിയും.

ഈ നാടകത്തിൽ, സമയത്തിനു സ്കൂളിൽ എത്താൻ ബോഗ്ലി പ്രയാസപ്പെടുമ്പോൾ കാട്ടിലെ മൃഗങ്ങൾ അവനെ പ്രോത്സാഹിപ്പിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്നു. അവൻ അദ്ധ്യാപകനെക്കുറിച്ച് പറയുന്നെങ്കിലും അദ്ധ്യാപകനെ ഒരിക്കലും നിങ്ങൾ കാണുന്നില്ല. ബോഗ്ലിയെ മൃഗങ്ങൾ ആക്രമിക്കുന്നത് നമ്മുടെ വിദ്യാർഥികൾ സഭകളിൽ അനുഭവിക്കുന്നതുപോലുള്ള സാധാരണ സംഭവം ആയി മാത്രമേ തോന്നാൻ പാടുള്ളൂ. കൂടുതൽ വിനോദത്തിനായി ഫെയ്സ് ബുക്കും വാട്സ്അപ്പും യൂട്യൂബും ഉള്ള സെൽഫി ചിത്രങ്ങൾ എടുക്കാവുന്ന ഒരു മൊബൈൽ ഫോൺ നാം ഉപയോഗിക്കുന്നു. കാട്ടിൽ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിൽ തമാശ ആസ്വദിക്കുന്നതിനാണ് ഇതു ചെയ്യുന്നത്. മറ്റൊരു തമാശ ബോഗ്ലി എന്നും കഴിക്കുന്ന ഒരു പ്രത്യേക പ്രഭാതഭക്ഷണമാണ്. നിങ്ങളുടെ സമീപ പ്രദേശങ്ങളിലുള്ള ഏത് പ്രഭാത ഭക്ഷണവും ഇതിനായി ഉപയോഗിക്കാം കാർഡ്ബോർഡ് കൊണ്ടുണ്ടാക്കിയ അലങ്കരിച്ച ജീപ്പ് ബോഗ്ലിയുടെ ഓരോ രാത്രിയിലേയും കിടക്ക. ഈ നാടകത്തിൽ ഒരു കാട്ടിലെ കുട്ടിയും(ബോഗ്ലി) 2 മൃഗങ്ങളും ഓരോ ദിവസവും ഉണ്ട്. ലഘുവായ മുഖംമൂടിയും വസ്ത്രങ്ങളും ഉപയോഗിച്ച 2 പേർക്ക് വിവിധ മൃഗങ്ങൾ ആയി അഭിനയിക്കാൻ കഴിയും. അഞ്ചാം ദിവസം പ്രത്യക്ഷപ്പെടുന്ന മൂന്നാമത്തെ മൃഗം സ്റ്റേജിൽ വരാതെ നിൽക്കണം. ബോഗ്ലിയും മൃഗങ്ങളുമൊത്തു നല്ല വിനോദം നിങ്ങൾക്ക് ലഭിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു!

ഈ വി.ബി.എസിനു വേണ്ടിയുള്ള മുഖം മൂടിയുടെ രൂപരേഖകൾ ഞങ്ങളുടെ വെബ്സൈറ്റിൽ നിന്ന് ഓൺലൈൻ വഴിയായി സൗജന്യമായി ലഭിക്കും.

http://www.childrenareimportant.com/jungle/
ദിനന്തോറുമുള്ള നാടകങ്ങൾക്ക് ഉപയോഗിക്കത്തക്കവിധം കാർഡ്ബോർഡ് കൊണ്ട് ഒരു ജീപ്പ് ഉണ്ടാക്കുക. എങ്ങനെയാണ് ജീപ്പ് ഉണ്ടാക്കേണ്ടതെന്ന് യൂറ്റൂബിലെ ഈ വീഡിയോ കാണുക!

https://www.youtube.com/watch?v=KEwQpAqHNkk















## കേന്ദ്രങ്ങൾ




### ബൈബിളിലൂടെ സഞ്ചരിക്കുക

ബൈബിളിലൂടെ വള്ളത്തിൽ സഞ്ചരിക്കുവാൻ ഉള്ള നദിയിലേക്കു സ്വാഗതം. ഓരോ ദിവസത്തിന്റെ പാഠത്തിന്റെ തലക്കെട്ടും മുദ്രാവാക്യങ്ങളും മന:പാഠവാക്യങ്ങളും പറയുവാൻ കുട്ടികളെ അനുവദിക്കുക. വിദ്യാർത്ഥിയുടെ പുസ്തകങ്ങൾ മടക്കി വെച്ച് ഒളിച്ചുവക്കപ്പെട്ട സങ്കീർണ്ണതകൾ കണ്ടുപിടിക്കുവാൻ പ്രോത്സാഹിപ്പിക്കുക. അവസാനമായി നിങ്ങളുടെ കുട്ടികൾ 2 പ്രവൃത്തികൾ ചെയ്ത പേജുകൾക്ക് നിറം കൊടുക്കട്ടെ.




### കേവ് ക്ലാസ്

കേവ് ക്ലാസ്സിൽ അദ്ധ്യാപകൻ ബൈബിൾ കഥ പറയുമ്പോൾ ഓരോ കഥയുടേയും ചിത്രങ്ങൾ കുട്ടികൾ വരയ്ക്കുന്നു. കലാപരമായി മേന്മയുള്ള ചിത്രങ്ങൾ അല്ലാതെ എളുപ്പത്തിൽ വരയ്ക്കാൻ കഴിയുന്ന ചിത്രങ്ങൾ ആണെങ്കിൽ കുട്ടികൾക്ക് അത് പകർത്തുവാൻ എളുപ്പമായിരിക്കും. ചിത്രം വരച്ചു കഴിഞ്ഞാൽ അഭിപ്രായങ്ങൾ രേഖപ്പെടുത്താനുള്ള ചുവർ ചിത്രത്തിനരികെ ഒരുമിച്ചുകൂടി ചോദ്യം ചോദിച്ചു ഓരോ ഓപ്ഷനുകളും ഉറക്കെ വായിക്കുവാൻ പറയുക. അഭിപ്രായങ്ങൾ അല്ലെങ്കിൽ വോട്ടെടുപ്പ് സമയം എന്ന ആശയം വിദ്യാർത്ഥികൾക്ക് ചിന്തിക്കുവാൻ അവസരം ഒരുക്കുന്നതിനാൽ അവ രണ്ടും കാര്യക്ഷമമാക്കേണ്ടതാണ്.നൽകപ്പെട്ടിരിക്കുന്ന 2 ഓപ്ഷനുകളും വായിച്ചു 2-നും ശരിയായ ഉത്തരം ലഭിക്കും എന്ന് കരുതാം ഓരോ കുട്ടിയും പ്രായത്തിന്റെ ഗ്രൂപ്പനുസരിച്ച് അവരുടെ അഭിപ്രായം തിരഞ്ഞെടുത്ത് പോസ്റ്ററിൽ ഒപ്പ് വെയ്ക്കണം. നിങ്ങൾക്ക് താല്പര്യമെങ്കിൽ സ്റ്റിക്കറുകളോ ഡെക്കാൾകളോ (പേപ്പർ കട്ടിംഗുകൾ) ഇതിനുപയോഗിക്കാം. ഒരു ഉത്തരം മാത്രം ശരിയാണെന്ന് കാണിക്കാതിരിക്കുവാൻ ശ്രമിക്കുക.




### വാട്ടർ ഫാൾ ക്രാഫ്റ്റ്സ്

ഈ കേന്ദ്രത്തിൽ വീട്ടിൽ കൊണ്ടുപോകത്തക്ക വിധത്തിൽ രസകരമായ എന്തെങ്കിലും കരകൌശല വസ്തുക്കൾ നിർമ്മിച്ച് പാഠഭാഗം ഓർമ്മിക്കത്തക്ക വിധത്തിൽ സന്തോഷിക്കുവാൻ അവസരമുണ്ടാക്കണം. കരകൌശലങ്ങൾക്കു വേണ്ടിയുള്ള എല്ലാ രൂപരേഖകളും ഓൺലൈനിൽ (ഞങ്ങളുടെ വെബ്സൈറ്റിൽ) ലഭ്യമാണ്. കൂടാതെ നിർദ്ദേശങ്ങൾ ഈ ലഘു ഗ്രന്ഥത്തിൽ നിന്ന് ലഭിക്കും.




### ട്രോപ്പിക്കൽ റസ്റ്റോറന്റ്

ഔപചാരികമായി സാധാരണ ലഘുഭക്ഷണങ്ങളോ ഉച്ചഭക്ഷണമോ ചായയോ തീർച്ചയായും ഇവിടെ നൽകാം. ലഘുഭക്ഷണ ആശയങ്ങൾ, കഴിക്കുന്നത് നല്ലതെന്നതിനപ്പുറമായി, കുട്ടികൾക്ക് വി.ബി.എസുമായി ബന്ധപ്പെട്ട ഒരു വിനോദ ഉപാധി ആയിരിക്കണം. നിങ്ങളുടെ വി.ബി.എസിലെ എല്ലാവരും ലഘുഭക്ഷണത്തോടൊപ്പം മറ്റെല്ലാ പ്രവർത്തനങ്ങളും ആസ്വദിക്കണം. ഭക്ഷണത്തിന്റെ ചേരുവകൾ നിങ്ങളുടെ സ്ഥലത്ത് കാണപ്പെടുന്നവയായാൽ കൂടുതൽ വിനോദം ഉളവാക്കും.




### മാർഷ് ഗയിംസ്

കളികൾ അറിവ് വളർത്തുകയും. ആശയവിനിമയത്തെ പ്രോത്സാഹിപ്പിക്കുകയും കുട്ടികളെ സന്തോഷവാന്മാരാക്കുകയും ചെയ്യും. വി.ബി.എസിൽ ഞങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന കളികളിലൂടെ പങ്കുവയ്ക്കാനും അവസരങ്ങൾ ഉപയോഗിക്കുവാനും മറ്റുള്ളവരെ ശ്രദ്ധിക്കുവാനും ഉള്ള സാഹചര്യങ്ങൾ ഉളവാകുന്നു. ഉൾപ്പെടുത്തപ്പെട്ട ഒരു കളിയോ താല്പര്യമെങ്കിൽ 2 എണ്ണമോ തിരഞ്ഞെടുക്കുക. പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം അനുസരിച്ചു ഗ്രൂപ്പുകളായോ പ്രായം അനുസരിച്ചോ വിഭാഗിക്കാം. ചെറിയ കുട്ടികൾ മുതൽ കൌമാരപ്രായത്തിനു മുമ്പുള്ളവരെ ഓരോ ഗ്രൂപ്പുകൾ ആയി വിഭാഗിക്കാം. റ്റീമിനെ ആദ്യദിനം തന്നെ രൂപം കൊടുത്ത് ആഴ്ചയുടെ അവസാനം വരെ നിലനിർത്തുക!

## കൂടുതൽ ആശയങ്ങൾ

### മേശ അലങ്കരിക്കുക

പച്ചയും തവിട്ടുനിറവുമുള്ള ഒരു മേശ വിരികൊണ്ട് മൂടിയ ഒരു നീളമുള്ള മേശയിൽ നിന്ന് തുടങ്ങാം. സ്റ്റഫ് ചെയ്ത മൃഗങ്ങൾ, കുരങ്ങുകൾ പഴങ്ങൾ തുടങ്ങി നിങ്ങളുടെ സ്ഥലത്ത് ലഭിക്കുന്ന പലതും വിവിധ തരത്തിലുള്ള കുട്ടകളിലും പാത്രങ്ങളിലും നിറച്ച് മേശപ്പുറത്ത് വെച്ചാൽ ഒരു കാടിന്റെ പ്രതീതി ജനിപ്പിക്കാൻ കഴിയും..






### കാട്ടിലെ ജ്യൂസ്

ഓറഞ്ച്, നാരങ്ങ സോഡാ എന്നിവ ഇലകൾ കൊണ്ട് അലങ്കരിക്കയോ പുതിയ ലേബൽ വച്ച് 'കാടിന്റെ ജ്യൂസ് കൊണ്ടും നിങ്ങളുടെ സ്വന്തമായി ഫലങ്ങളുടെ പൊടികൾ കൊണ്ട് ഫ്രൂട്ട് പഞ്ച് ഉണ്ടാക്കുകയോ ചെയ്യുക.




### കുരങ്ങുകൾക്ക് വേണ്ടിയുള്ള വാഴപ്പഴം

ഒരു കുട്ടയോ പ്ലേറ്റോ നിറയെ വാഴപ്പഴം ഞങ്ങൾ വെച്ചിട്ട് അത് സ്റ്റഫ് ചെയ്ത കുരങ്ങിനെക്കൊണ്ട് അലങ്കരിച്ച് "കുരങ്ങുകളെ"ഈ വാഴപ്പഴം നിങ്ങൾക്കാണ് എന്ന് എഴുതി വച്ചു. കൊച്ചുകുട്ടികൾ ഇത് തീർച്ചയായും ആസ്വദിക്കും.




### കടുവയുടെ മുഖങ്ങൾ

ഞങ്ങൾ ചെറിയ വിവിധ തരത്തിലുള്ള മാൻഡറിൻ ആല്ലെങ്കിൽ ഡാൻടരിൻ ഓറഞ്ചുകൾ ഉപയോഗിച്ചു. എന്നാൽ നിങ്ങളുടെ സ്ഥലത്തു ലഭിക്കുന്ന ഏതു തരത്തിലുള്ള ഓറഞ്ചും ഉപയോഗിക്കാം. ഒരു കറുത്ത പെർമനെന്റ് മാർക്കർ പേന എടുത്തു ഒരു കടുവയുടെ മുഖം ഓരോ ഓറഞ്ചിലും വരക്കണം. കുട്ടികൾ കടുവകളെ തിരഞ്ഞെടുക്കുന്നതിൽ വിനോദം കണ്ടെത്തും.

## ജീവനുള്ള പുഴുക്കൾ





ഒട്ടുന്ന (പശയുള്ള)പുഴുക്കളെ ലഭിക്കുമെങ്കിൽ അതാണ് ഇതിന്റെ പ്രദർശനത്തിനു ഏറ്റവും അഭികാമ്യം. കഴുകിയ ഇലയുടെ പുറത്തോ പാത്രങ്ങളിലോ വച്ചു ജീവനുള്ള പുഴുക്കൾ''എന്നോ ''ഹക്കുന മറ്റാറ്റ '' എന്നോ എഴുതി വക്കുക .




## കടുവയുടെ കാലുകൾ

ഓറഞ്ചു ചീറ്റോസ് ഇതിനു ഏറ്റവും ഉത്തമം ആണ് എന്നാൽ നിങ്ങൾക്ക് ലഭ്യമാകുന്ന ഏത് ഓറഞ്ചു ലഘു ഭക്ഷണവും ഉപയോഗിക്കാം ഈ രീതിയിലുള്ള ഒന്നും ലഭിച്ചില്ലെങ്കിൽ കാരറ്റ് നീളത്തിൽ അരിഞ്ഞു ''കടുവയുടെ വിരലുകൾ'' പോലെ ആക്കി മേശപ്പുറത്തു വക്കാം.

## രുചിയുള്ള ഉറുമ്പുകൾ




ഈ ലഘുഭക്ഷണം തയ്യാർ ചെയ്യുന്നതിന് മുന്തിരി, ബ്ലൂബെറി, ഉണക്ക ക്രാൻബെറി തുടങ്ങിയവകൊണ്ട് ഒരു ഉറുമ്പിന്റെ വഴിത്താര പോലെ ക്രമീകരിക്കുക. ആ ലഘുഭക്ഷണം കഴിക്കുവാൻ ധൈര്യമുള്ള കുട്ടികളുടെ മുഖഭാവം ശ്രദ്ധിക്കുക.

## പാമ്പ്





ഈ ലഘുഭക്ഷണം വെള്ളരിക്കയിൽ ആരംഭിക്കാം. പച്ചനിറത്തിലുള്ള ഫലങ്ങളോ പച്ചക്കറിയോ മതിയാകും. ''തല'' ഭാഗം 4 സെ.മീ. വിട്ട വട്ടത്തിൽ അറിയുക. ''തല'' ഉണ്ടാക്കുന്നതിനു കണ്ണും നാവും മുറിച്ച് ചുമന്ന കുരുമുളകും തക്കാളിയും കൊണ്ട് അലങ്കരിക്കുക. ഒരു ഡിസ്പോസിബിൾ പ്ലേറ്റിന്റെ ഉള്ളിൽ ഓരോ മൃഗങ്ങളുടെ കുത്തുകൾ ഇട്ട കറുത്ത നിറമുള്ള ''ഒറിയോസ്'' പോലുള്ള കറുത്ത നിറമുള്ള കുക്കികൾ കൊണ്ട് നിറയ്ക്കുക.

## ലഘുഭക്ഷണശാലയോ വെള്ളക്കപ്പിയോ



### ആവശ്യമുള്ള വസ്തുക്കൾ :

- 10 സെ.മീ ഡയാമീറ്റർ ഉള്ള 2 ഡിസ്പോസിബിൾ പ്ലേറ്റ്
- പേപ്പർ പ്ലേറ്റിനുള്ള പശ അല്ലെങ്കിൽ തണുത്ത സിലിക്കോൺ പശ.
- കത്രിക
- പച്ചയും തവിട്ടുനിറവുമുള്ള ടിഷ്യൂ പേപ്പറോ പെയിന്റോ ബ്രഷോ.
- ½ടോയിലറ്റ് പേപ്പർ ട്യൂബ് (2 വിദ്യാർത്ഥികൾക്ക് ഒരു ട്യൂബ് പങ്കിട്ടെടുക്കാം)
- ചുരുണ്ട റിബണോ ചരടോ

## നിർദ്ദേശങ്ങൾ



- ടോയിലറ്റ് പേപ്പർ ട്യൂബിന്റെ വലിപ്പത്തിൽ U എന്ന അക്ഷരം (മുകൾ ഭാഗത്ത്) ഓരോ പ്ലേറ്റിലും വരയ്ക്കുക.
- U എന്ന അക്ഷരം മുറിച്ചു രണ്ടു പ്ലേറ്റിലെ അക്ഷരങ്ങളും ഒന്നിച്ചു വരത്തക്കവിധം ക്രമപ്പെടുത്തുക.
- U ഇരിക്കുന്ന സ്ഥലത്ത് ട്യൂബ് ഒട്ടിക്കുക.
- രണ്ടു പ്ലേറ്റുകളും തമ്മിൽ ഒട്ടിക്കുക
- ലഘുഭക്ഷണ ശാലകൾ നിറങ്ങൾ കൊണ്ട് അലങ്കരിക്കുകയോ കാമോഫ്ലേയ്ജ് പോലുള്ള നിറമുള്ള പേപ്പർ ഒട്ടിക്കുകയോ ചെയ്യാം.

ഓരോ വശത്തും ഓരോ സുഷിരം ഇട്ടു റിബൺ ലഘുഭക്ഷണ ശാലയുമായോ വെള്ളക്കുപ്പിയുമായോ ബന്ധിപ്പിക്കുക.

# പാഠം-1

യേശുക്രിസ്തു എന്നെ ശക്തനാക്കുന്നു.

## പ്രധാന വിഷയം (പാഠം-1)

ഞാൻ ബലഹീനനായിരിക്കുമ്പോൾ ,ദൈവത്തിൽ ശക്തനാകുന്നു

## ബൈബിൾ പാഠം (പാഠം-1)


ദലീല കൌശലത്താൽ സ്വാധീനിക്കുന്നു (ന്യായാധിപന്മാർ 16:1-31)

## ആമുഖം (പാഠം-1)

ഈ പുതിയ സീസണിൽ അതിജീവിക്കുന്നതിനും വിജയിക്കുന്നതിനും എന്തൊക്കെ ചെയ്യാൻ കഴിയുമെന്നു തെളിയിക്കാൻ കഴിവുള്ള പുതിയ അനേക സഹകാരികളെ അതിജീവിച്ച ആൾ ഉൾപ്പെടുത്തും. ''കാടിനെ അതിജീവിക്കുക'' എന്നതിലേക്ക് സ്വാഗതം. ഓരോ ദിവസവും മറ്റുള്ളവർക്ക് പ്രയോജനമുള്ള കാര്യങ്ങൾ ചെയ്യത്തക്കവിധം ആളുകൾ നിങ്ങളെ വശീകരിക്കും. എന്നാൽ നമ്മൾ ആത്മവിശ്വാസം ഉള്ളവരായി മാറും (ഇന്നത്തേക്കുള്ള ബൈബിൾ വാക്യം അവതരിപ്പിക്കുക 2 കൊരി. 12:10). ഇന്ന് ബോഗ്ലിയുമായി കണ്ടുമുട്ടി അവൻ പാമ്പിന്റെ വിശ്വസിക്കുവാൻ കഴിയാത്ത കൌശല വാക്കുകളെ എങ്ങനെ അതിജീവിക്കുന്നു എന്ന് കാണുക. ലഘുഭക്ഷണ സമയത്ത് നമ്മൾ അല്പം ഭാരോദ്വഹനം നടത്തി നമ്മുടെ ശക്തി വർദ്ധിപ്പിക്കുകയോ കരടിയുടെ കരകൌശലങ്ങൾ ഉണ്ടാക്കുകയോ ഗയിമുകൾ കളിക്കുകയോ ചെയ്യുക. പിന്നീട് ബൈബിൾ തുറന്നു എങ്ങനെയാണ് ശിംശോൻ ദലീലയാൽ കൌശലത്താൽ സ്വാധീനിക്കപ്പെട്ടതെന്നും അവന്റെ ശക്തികൊണ്ട് എങ്ങനെ അതിനെ അതിജീവിച്ചു എന്നും കാണുക. ഇന്നത്തെ പ്രധാന വിഷയം നമുക്കൊരുമിച്ചു പറയാം. "ഞാൻ ബലഹീനനായിരിക്കുമ്പോൾ ,ദൈവത്തിൽ ശക്തനാകുന്നു''. ദിവസത്തിന്റെ ഒടുവിൽ നമ്മൾ കർത്താവായ യേശുക്രിസ്തുവിൽ ബലവാന്മാരാണെന്നു മനസിലാക്കുമ്പോൾ കാട്സമാനമായ ജീവിതത്തെ നമുക്ക് അതിജീവിക്കാൻ കഴിയും.

## മൃഗങ്ങൾ (പാഠം-1)

പാമ്പ് കൌശലം പ്രയോഗിക്കുന്നു. എന്നാൽ കരടി സമയത്തിനു എത്തുന്നു.



## ടീമുകൾ (പാഠം-1)

ഓരോ സംഘങ്ങൾ ആയി തിരിച്ചു ഓരോന്നിനും ഓരോ പേരിടുക. പേരുകൾ ഹൃദിസ്ഥമാക്കുന്നതിന് ഒരു ഗയിം കളിക്കുക.

## ബൈബിൾ വാക്യങ്ങൾ (പാഠം-1)

''അതുകൊണ്ടു ഞാൻ ക്രിസ്തുവിനു വേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ടു, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു; ഞാനോ ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാകുന്നു''2 കൊരിന്ത്യർ 12:10

## നാടകം (പാഠം-1)

ബോഗ്ലി കാട്ടിൽ ജീപ്പിൽ കിടന്നുറങ്ങുമ്പോൾ അവന്റെ മൊബൈലിൽ അലാറത്തിന്റെ ശബ്ദം കേൾക്കുന്നു. അത് നിറുത്തുന്നതിനുള്ള ബട്ടണിൽ പല പ്രാവശ്യം അമർത്തിയെങ്കിലും പെട്ടെന്ന് ഉണരാൻ താമസിച്ചു പോയി എന്ന് താൻ തിരിച്ചറിയുന്നു. അവൻ ഉണർന്നു ജീപ്പിൽ നിന്ന് ചാടിയിറങ്ങുന്നു. ബോഗ്ലി അലറിക്കൊണ്ട് ചുറ്റും ഓടി. കാട്ടിലെ സ്കൂളിൽ എത്താൻ താമസിക്കുമെന്ന് മനസിലാക്കി അവന്റെ കൂട്ടുകാരനായ കരടിക്കു വാട്സ് അപ്പ് സന്ദേശം അയക്കുന്നു. കാട്ടിലെ സ്കൂളിനെക്കുറിച്ച് കുട്ടികളോട് പറയണമെങ്കിലും താമസിച്ചതുകൊണ്ടു അവന്റെ പ്രഭാതഭക്ഷണവും ഒഴിവാക്കേണ്ടിയിരുന്നു. താമസിച്ചതിനു അവന്റെ അദ്ധ്യാപകൻ അവനെ ശിക്ഷിക്കുമെന്ന് അവൻ ഭയപ്പെട്ടു. വേഗത്തിൽ ഒരുങ്ങാൻ ശ്രമിക്കുന്നതിനിടയിൽ വിശന്നതിനാൽ പ്രഭാതഭക്ഷണം കഴിക്കാത്തതിൽ അവൻ ദു:ഖിതനായി. പാമ്പ് ബോഗ്ലിയുടെ അടുത്തുവന്നു പ്രഭാതഭക്ഷണം കഴിഞ്ഞു പോയാൽ മതിയെന്ന് പറഞ്ഞു. അവന്റെ സ്വന്തം കാര്യങ്ങളും ചിന്തിക്കണം എന്ന് പറഞ്ഞു പാമ്പ് അവനെ കൌശലത്താൽ സ്വാധീനിക്കുവാൻ നോക്കി. എന്നാൽ കരടി അപ്പോൾ വന്നു ബോഗ്ലിയെ സമയത്ത്

സ്കൂളിൽ എത്തുവാൻ  ഉദ്യമിപ്പിച്ചു. ബോഗ്ലിക്ക് ഇഷ്ടമുള്ള ഭക്ഷ്യധാന്യങ്ങൾ അടങ്ങിയ പ്രഭാതഭക്ഷണം നൽകി പാമ്പ് അവനെ പ്രലോഭിപ്പിക്കുവാൻ ശ്രമിച്ചു. (ഓരോ ദിവസവും വി.ബി.എസിന് നിങ്ങളുടെ സ്ഥലത്തുള്ള ധാന്യങ്ങൾ അടങ്ങിയ പ്രഭാതഭക്ഷണം തിരഞ്ഞെടുക്കുക.) ഹേയ്, വിളമ്പുവാൻ കൈകൾ ഇല്ലാതെ നീ ഇത് എങ്ങനെ വിളമ്പും എന്ന് ബോഗ്ലി പറഞ്ഞു. രണ്ടു മൃഗങ്ങളേയും ഒഴിവാക്കി ബോഗ്ലി ഓട്ടം ആരംഭിച്ചു. കാട്ടിലെ സ്കൂളിൽ എത്തിയപ്പോൾ പഴങ്ങളും തനിക്ക് ഇഷ്ടപ്പെട്ട അതേ ധാന്യഭക്ഷണം അവിടെ ഒരുക്കി വച്ചിരിക്കുന്നത് കണ്ടു. അന്ന് സ്കൂളിലെ ഒരു പ്രത്യേക ദിനം ആയിരുന്നതുകൊണ്ട് എല്ലാവർക്കും പ്രഭാതഭക്ഷണം നൽകുന്നുണ്ടായിരുന്നു. ബോഗ്ലി മറ്റൊരു വാട്സ്സ് അപ്പ് സന്ദേശം കരടിക്ക് ഇപ്രകാരം അയച്ചു. ഞാൻ ബലഹീനനായി എന്ന് തോന്നിയപ്പോൾ ഞാൻ ശക്തനായി.കാരണം ദൈവം എന്റെ പക്ഷത്തുണ്ട്. ഞാൻ പ്രഭാതത്തിൽ വളരെ ക്ഷീണിതൻ ആയിരുന്നതിനാൽ അൽപംകൂടി ഉറങ്ങുവാൻ താല്പര്യപ്പെട്ടെങ്കിലും സമയത്ത് എത്തുവാൻ ഞാൻ പ്രഭാതഭക്ഷണം ഒഴിവാക്കി എന്ന് ആരും അറിഞ്ഞിരുന്നില്ല. ഭക്ഷണം കഴിക്കാതിരുന്നതിനാൽ ഇന്ന് മുഴുവൻ ഞാൻ ക്ഷീണിതൻ ആയി പോകുമായിരുന്നു എന്നാൽ എന്റെ പ്രിയപ്പെട്ട ഭക്ഷണം കഴിച്ചു ഞാൻ ശക്തനായിത്തീർന്നിരിക്കുന്നു.“ഞാൻ ബലഹീനനായിരിക്കുമ്പോൾ ,ദൈവത്തിൽ ശക്തനാകുന്നു’’..യേശുക്രിസ്തു എന്നെ ശക്തനാക്കി.

## കേവ് ക്ലാസ് (പാഠം-1)

### ദലീല വശീകരിക്കുന്നു





(ന്യായാധിപന്മാർ (16:1-31)

നിങ്ങൾ ബൈബിൾ കഥയും ഓരോ ഭാഗവും പറയുമ്പോൾ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ കുട്ടികൾ വരയ്ക്കട്ടെ.കുട്ടികൾക്ക് പകർത്തുവാൻ തക്കവിധത്തിൽ ചിത്രങ്ങൾ എളുപ്പമുള്ളതും ലഘുവും ആയിരിക്കണം.




1. ശിംശോൻ അസാധാരണ ശക്തിമാൻ ആയിരുന്നു. ശത്രുവിന് അവനെ പിടിക്കുവാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും പട്ടാളക്കാർക്ക് ആർക്കും അതിനു കഴിഞ്ഞില്ല. അവന്റെ അമാനുഷിക ശക്തിക്ക് പിന്നിൽ ഒരു രഹസ്യം ഉണ്ടെന്നു എല്ലാവർക്കും അറിയാമായിരുന്നു. ഫെലിസ്ത്യ പ്രഭുക്കന്മാർ അവന്റെ ശക്തിയുടെ രഹസ്യം അവനെ വശീകരിച്ചു  കണ്ടുപിടിക്കുന്നെങ്കിൽ അനേക വെള്ളി നാണയങ്ങൾ ദലീലയ്ക്ക് വാഗ്ദാനം ചെയ്തിരുന്നു. ശിംശോൻ ദലീലയെ സ്നേഹിച്ചു എന്നാൽ അവൾ പണത്തെ കൂടുതൽ സ്നേഹിച്ചു.

ചിത്രം-1 :വെള്ളിനാണയങ്ങൾ ഉള്ള വലിയ സഞ്ചി.




2. ശിംശോന്റെ രഹസ്യം പറയാൻ ദലീല ശിംശോനോട് അപേക്ഷിച്ചപ്പോൾ കാവൽക്കാരെ അവർ സമീപത്ത് ഒരുക്കി നിർത്തിയിരുന്നു. പച്ചയായ ഞാണു കൊണ്ട് ബന്ധിച്ചാൽ അവനു സ്വതന്ത്രനാകാൻ കഴിയില്ലെന്ന് അവൻ അവളോടു പറഞ്ഞിരുന്നെങ്കിലും അത് കള്ളമായിരുന്നു. അവൻ ഉറങ്ങിയപ്പോൾ അവർ അവനെ ബന്ധിച്ചെങ്കിലും ഉണർന്നപ്പോൾ എളുപ്പത്തിൽ അത് പൊട്ടിച്ചുകളഞ്ഞു. അവളോട് അസത്യം പറഞ്ഞതിനാൽ അവൾ കോപിച്ചു അവനോടു പരാതി പറഞ്ഞു. എന്നിട്ടും അവൾ അവനെ ചതിക്കയാണെന്ന് ശിംശോനു മനസിലായില്ല. പുതിയ കയർ അവനെ ഒതുക്കുവാൻ പര്യാപ്തമാണെന്ന് ശിംശോൻ അവളോട് പറഞ്ഞു. അവൾ അവനെ അതുകൊണ്ട് ബന്ധിച്ചെങ്കിലും അവൻ അതും എളുപ്പത്തിൽ പൊട്ടിച്ചുകളഞ്ഞു. അടുത്തത് അവന്റെ മുടിനൂൽപ്പാവിൽ ചേർത്തു നെയ്താൽ അവന്റെ ശക്തി ക്ഷയിക്കുമെന്നു പറഞ്ഞു. അവർ അതിനു ശ്രമിച്ചെങ്കിലും വീണ്ടും അവൾ പരാജയപ്പെട്ടു.

ചിത്രം-2 : നീണ്ട മുടിയുള്ള തല, ശിംശോനെപ്പോലെ 7 ജഡയുള്ളത്.



3 അവസാനമായി അവൾക്ക് വേണ്ടിയത് സാധിച്ചെടുക്കുവാൻ ഏറ്റവും ശക്തമായി അവനെ നിർബന്ധിച്ചു. അവൾ ചോദിച്ചു ''നീ എന്നെ സ്നേഹിക്കുന്നില്ലേ'' നീ എന്നെ സ്നേഹിച്ചിരുന്നെങ്കിൽ സത്യം എന്നോട് തുറന്നു പറയുമായിരുന്നു. നിങ്ങളുടെ ഏറ്റവും അടുത്ത സ്നേഹിതൻ ഇങ്ങനെ നിങ്ങളോട് പറഞ്ഞാൽ അവർക്ക് വേണ്ടത് നിങ്ങൾ ചെയ്തു കൊടുക്കുമോ. അവളുടെ മുമ്പിൽ അടിയറവു പറഞ്ഞു അവന്റെ ശക്തിയുടെ രഹസ്യം അവളോട് വെളിപ്പെടുത്തി. എന്റെ മുടിയാണെന്റെ ശക്തി അത് മുറിച്ചു കളഞ്ഞാൽ ഞാൻ മറ്റുള്ളവരെപ്പോലെ അബലൻ ആകും.

ചിത്രം-3 പകുതി മുടി മുറിക്കപ്പെട്ട് ഉറങ്ങുന്ന ഒരു മനുഷ്യൻ



4. അവസാനമായി അവൻ സത്യം പറയുന്നതായി ദലീല മനസ്സിലാക്കി. അവൻ ഉറങ്ങുമ്പോൾ മുടി ക്ഷൌരം ചെയ്യാൻ ഒരാളെ ഒരുക്കി. പട്ടാളക്കാരെയും അവനെ പിടിക്കുവാൻ നിയോഗിച്ചു. ഇപ്രാവശ്യം കാര്യം നടന്നു. ഭടന്മാർ തലമുടി ക്ഷൌരം ചെയ്യപ്പെട്ട ശിംശോന്റെ അടുക്കൽ എത്തി അവനെ ബന്ധിച്ചു ഒരു തടവറയിൽ ആക്കി.

ചിത്രം-4 കമ്പിയഴികൾ ഉള്ള ഒരു തടവറ



5. തടവറയിൽ ശിംശോന്റെ മുടി വീണ്ടും വളർന്നപ്പോൾ അവനുണ്ടായിരുന്ന ശക്തി ദൈവത്തിന്റെ ദാനം ആയിരുന്നെന്ന് അവനു മനസിലായി. ഫെലിസ്ത്യർ ആരാധിച്ചുകൊണ്ടിരുന്ന വ്യാജ ദൈവം ആയിരുന്ന ദാഗോന്റെ ക്ഷേത്രത്തിൽ നടന്ന ഒരു ഉത്സവത്തിനു ശിംശോനെ കൊണ്ടുവന്നു. ശക്തിക്കുവേണ്ടി ശിംശോൻ ദൈവത്തോടപേക്ഷിച്ചപ്പോൾ അവന്റെ പ്രാർത്ഥന ദൈവം കേട്ടു. ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ അവസാനം ശിംശോനു ജയിക്കുവാൻ കഴിഞ്ഞു.

ചിത്രം-5 ഒരു മനുഷ്യൻ പ്രാർത്ഥിക്കുന്നു.

## അഭിപ്രായങ്ങൾ

2 നിർദ്ദേശങ്ങളും ക്ലാസ്സിൽ ഉച്ചത്തിൽ വായിക്കുക. അതുകൊണ്ട് "അഭിപ്രായങ്ങൾ" എന്ന ആശയം വിദ്യാർത്ഥികൾക്ക് ചിന്തിക്കുവാനും ഇരുവശങ്ങളും ശരിയായ വിധത്തിൽ ക്രമീകരിക്കുവാനും സാദ്ധ്യമാക്കുക. കൊടുത്തിരിക്കുന്ന 2 ഓപ്ഷനുകളും വായിച്ചു 2-ഉം ശരിയായ ഉത്തരങ്ങൾ ആയി തോന്നുന്നതുപോലെ ആക്കുക. വോട്ടെടുപ്പിനു നിങ്ങൾ തിരഞ്ഞെടുക്കുന്ന സ്റ്റിക്കറുകൾ ഉപയോഗിക്കാം. ശരിയായ ഉത്തരം അവരെ കാണിക്കാൻ ശ്രമിക്കാതെ അവർ തന്നെത്താൻ ചിന്തിക്കുവാൻ അവസരം നൽകുക.

ചോദ്യം: ശിംശോൻ അവന്റെ രഹസ്യങ്ങൾ സൂക്ഷിക്കേണ്ടിയിരുന്നുവോ?



A. നീ എന്നെ യഥാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ നീ എന്നോട് സത്യം പറയുമായിരുന്നു എന്നു പറഞ്ഞപ്പോൾ ആരായാലും സത്യം പറയും ഞാൻ ശിംശോൻ ആയിരുന്നെങ്കിൽ ഞാനും പറയുമായിരുന്നു.

B. നീ എന്നെ വാസ്തവമായി സ്നേഹിക്കുന്നു എങ്കിൽ എന്നോട് സത്യം പറയുമായിരുന്നു എന്ന് പറഞ്ഞപ്പോൾ ആരെങ്കിലും സംശയം തോന്നി അതൊരു തന്ത്രം ആണെന്ന് ചിന്തിക്കുമായിരുന്നില്ലേ. ഞാൻ ശിംശോൻ ആയിരുന്നെങ്കിൽ ഞാൻ അവളോട് എന്റെ മുടിയുടെ രഹസ്യം പറയില്ലായിരുന്നു. ശിംശോനു സംഭവിച്ചതുപോലെ എല്ലാ ദിവസവും നാമും കൌശലത്താൽ സ്വാധീനിക്കപ്പെടാറുണ്ട്. എന്നാൽ ദൈവം നമ്മുടെ സഹായകൻ ആകുമ്പോൾ പ്രതിസന്ധികളിലും നമുക്ക് സന്തോഷം കണ്ടെത്തുവാൻ കഴിയും!"ഞാൻ ബലഹീനനായിരിക്കുമ്പോൾ ,ദൈവത്തിൽ ശക്തനാകുന്നു''.

## ബൈബിളിലൂടെ സഞ്ചരിക്കുക (പാഠം-1)

ബൈബിളിലൂടെ വള്ളത്തിൽ സഞ്ചരിക്കുവാനുള്ള നദിയിലേക്കു സ്വാഗതം. ഓരോ ദിവസത്തെ പാഠത്തിന്റെ തലക്കെട്ടും മുദ്രാവാക്യങ്ങളും മന:പാഠവാക്യങ്ങളും പറയുവാൻ അനുവദിക്കുക. വിദ്യാർത്ഥിയുടെ പുസ്തകങ്ങൾ മടക്കി വെച്ച് ഒളിച്ചുവക്കപ്പെട്ട സങ്കീർണ്ണതകൾ കണ്ടുപിടിക്കുവാൻ പ്രോത്സാഹിപ്പിക്കുക. അവസാനമായി നിങ്ങളുടെ കുട്ടികൾ 2 പ്രവൃത്തികൾ ചെയ്ത പേജുകൾക്ക് നിറം കൊടുക്കട്ടെ .

ഉത്തരങ്ങൾ




(എളുപ്പമുള്ളതും പ്രയാസമേറിയതുമായ ഉത്തരങ്ങളിൽ നിന്നു ഇടത്തരം പുസ്തകത്തിലെ ഉത്തരങ്ങൾ കാണാം.)

## ട്രോപ്പിക്കൽ റസ്റ്റോറന്റ് (പാഠം-1)

### ശക്തിയുടെ ബാർബെലുകൾ

ചേരുവകൾ: (നിങ്ങളുടെ സ്ഥലത്തു ലഭിക്കുന്നവ തിരഞ്ഞെടുക്കുക)

- ബാറുകൾ: നീണ്ട കട്ടകൾ, ഇരുമ്പ് കമ്പികൾ, പല്ലുകുത്തികൾ, കാരറ്റ് സ്റ്റിക്ക്, ജിക്കാമ വടികൾ,
- ഭാരങ്ങൾ: മുന്തിരി, ചീസ് ചതുരങ്ങൾ, മാർഷ് മേല്ലോസ്, ഒലിവ്, സ്ട്രോബറി, മെലൻ ചതുരങ്ങൾ.

നിർദ്ദേശങ്ങൾ:

- ഓരോ ബാറിന്റെയും രണ്ടറ്റങ്ങളിൽ ഭാരം എങ്ങനെ ഒട്ടിക്കാം എന്നത് വിശദീകരിക്കുക
- സ്വന്തമായി ബാർബെല്ലുകൾ നിർമ്മിക്കാൻ കുട്ടികളെ അനുവദിക്കുക








## മാർഷ് ഗയിംസ് (പാഠം-1)

### 1. പാമ്പിന്റെ യാത്ര

എട്ടോ പത്തോ വളയങ്ങൾ (അല്ലെങ്കിൽ സൈക്കിൾ ടയർ) ഒന്നിച്ച് കയറുകൊണ്ടോ കേബിളുകൾ കൊണ്ടോ കെട്ടുക. കേബിളുകൾ ആണെങ്കിൽ അവ സുരക്ഷിതമായിരിക്കണം ബലമുള്ള മരങ്ങളിൽ അവ തൂക്കിയിടുക മരങ്ങൾ ഇല്ലെങ്കിൽ 2 പേർ അവ പിടിച്ചുകൊണ്ടു നിൽക്കണം. തൂക്കിയിടാൻ സാഹചര്യം ഇല്ലെങ്കിൽ തറയിൽ ഇട്ടാലും മതി. ഓരോ ടീമും ഓരോ വരിയായി നിന്ന് ഈ ടയറിലൂടെ  വളയങ്ങളിലൂടെയോ നടന്നു നീങ്ങുക

### 2. ഇവിടെ ഞങ്ങളുടെ ഇടയിൽ

ഈ ഗെയിമിനു(കളിക്ക്) നിങ്ങൾക്ക് ബലൂണുകളോ, ഇടത്തരം വലുപ്പമുള്ള ബലൂണുകളോ കടലാസ് പന്തുകളോ ഉപയോഗിക്കാം. ചിതറിയ നിലയിൽ കുട്ടികളെ നിർത്തുക. കണ്ണുകൾ അടച്ചു മുന്നോട്ട് നീങ്ങി ചുറ്റിത്തിരിയട്ടെ. ആദ്യം ആരെ തൊടുന്നുവോ അവർ തമ്മിൽ കളിയിലെ കൂട്ടുകാർ ആകും. സൂചന. ജോഡികൾ രൂപപ്പെടുത്തുന്നത് ഓരോ ഉയരത്തിൽ ഉള്ളവർ ആയിരിക്കണം. തുടങ്ങേണ്ട രേഖയും അവസാനിക്കേണ്ട രേഖയും രേഖപ്പെടുത്തുക. കാറ്റു നിറച്ച ബലൂണോ പന്തോ ഓരോ ജോഡികൾക്കും നൽകുക. വയറിന്റെ അത്രയും ഉയരത്തിൽ വച്ച് അതിൽ അമർത്തിപിടിക്കുക പിന്നീട് കൈകൾ ഉപയോഗിക്കാതെ ഓരോരുത്തർ  ചുറ്റിത്തിരിഞ്ഞുകൊണ്ട് രേഖയുടെ അവസാനം വരെ ആ പന്തോ ബലൂണോ താഴെവീഴാതെയോ പൊട്ടാതെയോ രേഖയുടെ അവസാനത്തിൽ എത്തിക്കുക.




## വാട്ടർ ഫോൾ ക്രാഫ്റ്റ്സ് (പാഠം-1)

### ഒരു കരടിക്ക് നിറം കൊടുക്കുക



കണ്ണുകളും മൂക്കുകളും ഉള്ള ഒരു കരടിയുടെ ചിത്രം അച്ചടിച്ച് ഓരോ കുട്ടികൾക്കും കൊടുക്കുക.

1. കുട്ടികൾ കണ്ണും മൂക്കും മുറിച്ചെടുത്തു നിറം നൽകുവാൻ അനുവദിക്കുക. വെള്ള നിറത്തിലുള്ള വൃത്തത്തിൽ കൂടുതൽ സൃഷ്ടിപരവും രസകരവുമായ വിധത്തിൽ കറുത്ത കണ്ണുകളുടെ ചിത്രം വരച്ചു ചായം കൊടുക്കാൻ അനുവദിക്കുക.

2. ഒരു സ്പൂണിന്റെ പിന്നിൽ അല്പം ചായം എടുത്ത് ചെവികൾ എങ്ങനെ തവിട്ടുനിറത്തിൽ ചായം അടിക്കുന്നതെന്നു കാണിക്കുക.

3. മൂക്കിന്റെ ഭാഗം മുതൽ പുറത്തേക്ക് രോമങ്ങൾ എങ്ങനെ ഫോർക്ക് ഉപയോഗിച്ച് ചായം അടിക്കാൻ കഴിയുമെന്ന് കാണിക്കുക.

4. കണ്ണും മൂക്കും പശകൊണ്ട് അതിന്റെ സ്ഥാനത്ത് ഒട്ടിച്ചു ചേർക്കുക.

എങ്ങനെ തവിട്ടു നിറത്തിലുള്ള ചായം ഉണ്ടാക്കാം: ചുവപ്പ്, മഞ്ഞ, നീല എന്നീ നിറങ്ങൾ ഏകദേശം ഒരേ അളവിൽ യോജിപ്പിക്കുക. തവിട്ടു നിറം കൂടുതൽ ആയാൽ അല്പം വെള്ളനിറം കൂടി ചേർക്കാം.

## ഉപസംഹാരം (പാഠം-1)

ദലീല ശിംശോനെ കൗശലത്താൽ സ്വാധീനിക്കാൻ ശ്രമിച്ചതുപോലെയും ബോഗ്ലിയെ പാമ്പ് ഇന്ന് കൗശലത്താൽ സ്വാധീനിക്കാൻ ശ്രമിച്ചതുപോലെയും ആളുകൾ നമ്മെ കൗശലത്താൽ സ്വാധീനിക്കാൻ ശ്രമിക്കും.അവർ നിങ്ങളോട് കൂടെ അല്ലാതിരിക്കുമ്പോൾ തന്നെ അവർ നിങ്ങളിൽ നിന്ന് സാധനങ്ങൾ സ്വീകരിക്കുകയോ നിങ്ങളുടെകൂടെ ആണ് എന്ന് ഭാവിക്കുകയും ചെയ്യും. എങ്ങനെ ആയിരുന്നാലും യേശുക്രിസ്തു നമ്മോടുകൂടെ ഉണ്ടെന്നും അവൻ നമ്മെ ഒരിക്കലും കൈവിടുകയില്ലെന്നും നമുക്ക് അറിവാൻ കഴിയും.നാം ദൈവത്തിൽ വിശ്വസിക്കുമ്പോൾ നാം ബലഹീനർ ആയിരുന്നാലും നാം ശക്തരായിത്തീരും. ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, നമ്മുടെ ബുദ്ധിമുട്ടിലും പ്രയാസങ്ങളിലും ബലഹീനതകളിലും

സന്തോഷിപ്പാൻ നമ്മുടെ ജീവിതത്തിൽ യേശുക്രിസ്തുവിന്റെ ശക്തിയാൽ  കഴിയും എന്നത്രേ. ‘‘എനിക്ക് ബലഹീനത തോന്നുമ്പോൾ ഞാൻ കർത്താവിൽ ശക്തനാണ് ‘‘എന്ന പ്രധാന ഭാഗം നമുക്കൊന്നിച്ച് പറയാം.

മറ്റൊരു അതിശയിപ്പിക്കുന്ന ദിനമായ ‘’കാടിനെ അതിജീവിക്കുക’’ എന്ന വി.ബി.എസിലേക്ക് നാളെ കടന്നുവരിക. ഏത് ടീമാണ് എന്നും അവർ എങ്ങനെ അതിജീവിച്ച വിജയിക്കുന്നു എന്നും നമുക്ക് കാണാം.

## പാഠം-2

യേശുക്രിസ്തു എന്നെ സംതൃപ്തനാക്കുന്നു.

### പ്രധാന വിഷയം(പാഠം-2)

എനിക്ക് സന്തോഷവാനായിരിക്കുവാനുള്ള എല്ലാം ഉണ്ട്.

### ബൈബിൾ പാഠം-(പാഠം-2)

ആഖാൻ മോഷ്ടിക്കുന്നു (യോശു.7:1-23)

### മുഖവുര(പാഠം-2)

ഇന്നലെ നാം അതിജീവിക്കുന്ന ആളിന്റെ പുതിയ ഘട്ടത്തിലേക്ക് കടന്നു; അവിടെ ആരാണ് ഒന്നാമത് എത്തുന്നത് എന്ന് തെളിയിക്കുന്നതിനുള്ള പോരാട്ടവും നടന്നു. അവർക്ക് ഇതിൽ എത്രത്തോളം വിനോദം ലഭിക്കുമെന്ന് അറിയില്ലെങ്കിലും അവർ ക്രിസ്തുവിൽ ആരാണെന്ന് അറിവാനുള്ള വെല്ലുവിളി ഏറ്റെടുത്തു. ട്വിറ്ററിൽ ഞങ്ങളുമായി ചേർന്ന് ഹാഷ് ടാഗ് ഉപയോഗിച്ച് സർവൈവിംഗ് ദി ജംഗിൾ എന്നതിൽ നിങ്ങൾ ചിന്തിക്കുന്നത് എന്താണെന്ന് ഞങ്ങളെ അറിയിക്കുക. (നിങ്ങളുടെ രാജ്യത്തുപയോഗിക്കുന്ന മാദ്ധ്യമം ഉപയോഗപ്പെടുത്തുക. പുതിയ അക്കൌണ്ട് തുറക്കേണ്ടതില്ല. ഒരു വിനോദത്തിനുവേണ്ടി മാത്രമാണ് ഇത്.) എല്ലാ ദിവസവും നല്ല വസ്തുങ്ങൾ, നല്ല സെൽഫോൺ തുടങ്ങി നമുക്കുള്ളതിനേക്കാൾ മെച്ചമായ പലതും മറ്റുള്ളവർക്ക് ഉള്ളതായി നാം കാണാറുണ്ട്. ക്രിസ്തുവിൽ നമ്മുടെ സ്ഥാനം അറിയുമ്പോൾ നാം ആരാണെന്നും നമുക്ക് എന്താണുള്ളതെന്നും അറിഞ്ഞു തൃപ്തിയുള്ളവർ ആയി ജീവിക്കാൻ നമുക്ക് കഴിയും. ഇന്നത്തെ ബൈബിൾ വാക്യം അവതരിപ്പിക്കുക (ഫിലി. 4:12) നമ്മുടെ ജീവിത സാഹചര്യങ്ങളിൽ നാം ദൈവത്തിൽ ആശ്രയിക്കുകയും അവനെ പിന്തുടരുകയും ചെയ്യുമ്പോൾ ആഴമായ സന്തോഷം നമുക്ക് അനുഭവിക്കാൻ കഴിയും എന്നതാണ് സത്യം. ഇന്നലത്തെ ബോഗ്ലിയെ ഓർക്കുന്നുണ്ടോ. അവൻ മറ്റുള്ളവരോട് അസൂയയുള്ളവനായിത്തീരുമ്പോൾ അവന്റെ സന്തോഷവും സംതൃപ്തിയും ഒരു നിമിഷത്തിനകം നഷ്ടപ്പെടുന്നതായി കാണാം. ഇന്ന് നമ്മുടെ ബൈബിൾ തുറന്നു, മോഷണത്തിലുള്ള പ്രലോഭനം വന്നപ്പോൾ സന്തോഷം നഷ്ടപ്പെട്ട ഒരാളെ നമുക്ക് കാണാം. അവന്റെ മോഷണ മുതലുകൾ എന്തൊക്കെയാണെന്ന് ലഘുഭക്ഷണസമയത്ത് നമുക്ക് കാണാം. മാത്രമല്ല കരകൌശല കളികളുടെ സമയത്ത് ഒരു മനോഹരത്വമുള്ള ആനയെ ഉണ്ടാക്കിയാൽ ശക്തിയും സംതൃപ്തിയും മനസിലാക്കാൻ അതുപകരിക്കും. ഇന്നത്തെ പ്രധാന വിഷയം നമുക്കൊരുമിച്ചു പറയാം. എനിക്ക് സന്തോഷവാനായിരിക്കുവാനുള്ള എല്ലാം ഉണ്ട്. ദിവസാന്ത്യത്തിൽ നാം നമ്മുടെ കർത്താവായ യേശുവിൽ സംതൃപ്തനാണെന്ന് അറിയുമ്പോൾ ഈ വനസമാനമായ ലോകത്തെ നിങ്ങൾക്കും എനിക്കും ആത്മവിശ്വാസത്തോടെ അതിജീവിക്കുവാൻ കഴിയും.

### മൃഗങ്ങൾ (പാഠം-2)

കഴുതപ്പുലി മോഷ്ടിക്കുന്നു. ആന സഹായിക്കുന്നു.



### ടീമുകൾ (പാഠം-2)

ഓരോ സംഘങ്ങളും വേർതിരിഞ്ഞു

സന്തോഷത്തോടുകൂടെ ഒന്നുചേർന്ന് ഒരു ഗാനമോ സ്തുതിഗീതമോ ആലപിക്കുക.

### ബൈബിൾ വാക്യം(പാഠം-2)

"താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കുഅറിയാം; തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ടു അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു." ഫിലിപ്യർ 4:12

### നാടകം (പാഠം-2)

അലാറത്തിന്റെ ശബ്ദം കേട്ടപ്പോൾ ബോഗ്ലി ഉണർന്നു ജീപ്പിൽ നിന്ന് ചാടിയിറങ്ങി ഒരുങ്ങി. അവൻ ഉറങ്ങിപ്പോകാത്തതിൽ സന്തോഷിച്ചു അവനിഷ്ടമുള്ള ധാന്യങ്ങൾ അടങ്ങിയ ഭക്ഷണം ഒരു പാത്രത്തിലേക്ക് ഒഴിച്ച് സന്തോഷ ശബ്ദം പുറപ്പെടുവിച്ചു. അവൻ ഒരു പഴം കഴിച്ചു തൊലി വലിച്ചെറിഞ്ഞു. പ്രഭാത ഭക്ഷണം കഴിഞ്ഞപ്പോൾ ഒരു വിനോദമുള്ള കളി അവന്റെ

മൊബൈലിൽ കളിച്ചുകൊണ്ട് അവനടുത്തെത്തിയ ആന പഴത്തൊലിയിൽ തെന്നി. ആന കളിച്ചുകൊണ്ടിരുന്ന കളിയിൽ അസൂയ പൂണ്ട് അവനെ ഉറിച്ചുനോക്കി അതെന്താണെന്ന് ചോദിച്ചു. (കുട്ടികൾക്ക് അസൂയ ഉണ്ടാക്കുന്ന എന്തെങ്കിലും കളിപ്പാട്ടം മാറ്റി ഉപയോഗിക്കണമെങ്കിൽ അത് ചെയ്യാം. എന്നാൽ ആനകളിയിലെ വിനോദം ആസ്വദിക്കത്തക്കവിധത്തിലും അട്ടഹസിച്ചും ചിരിച്ചും ബോഗ്ലിയെ കൂടുതൽ അസൂയ ഉള്ളവനാക്കി മാറ്റാം. എന്നാൽ കഴുതപ്പുലി വന്ന് തന്റെ കയ്യിൽ ഒരു നല്ല പരിഹാരം ഉള്ളതിനാൽ അസൂയപ്പെടേണ്ട എന്ന് ബോഗ്ലിയോടു പറഞ്ഞു. ആന ഫോൺ താഴെ വെച്ച് ബോഗ്ലിയെ സന്ദർശിക്കാൻ എത്തിയപ്പോൾ കഴുതപ്പുലി ആനയുടെ മൊബൈൽ മോഷ്ടിച്ചു. ബോഗ്ലി അമ്പരന്നു ആന അറിയാതെ അത് എടുക്കരുതെന്ന് കഴുതപ്പുലിയോടു പറഞ്ഞു. എന്നാൽ സ്കൂളിലെത്താൻ ഒരിക്കൽക്കൂടി താമസിക്കുമെന്ന് ബോഗ്ലി മനസിലാക്കി. അവൻ ഭ്രാന്തനെപ്പോലെ ഓടിനടന്നു തന്റെ പെൻസിൽ അന്വേഷിച്ചു. അവൻ കണ്ടെത്തിയെങ്കിലും പിന്നെ അവന്റെ കൈയ്യിൽ നിന്ന് നഷ്ടമായി (കുറച്ചു സമയം പെൻസിൽ അന്വേഷിക്കുന്നതിനും താഴെയിടുന്നതിനും ആയി ചിലവഴിക്കുക.) ബോഗ്ലി അപ്പോൾത്തന്നെ സ്കൂളിലേക്ക് തിരിച്ചു. സ്കൂളിലേക്കുള്ള തന്റെ യാത്രയിൽ തന്റെ ക്ലാസുകൾ മൈതാനത്ത് കളികൾക്കായി ഒന്നിച്ചു കൂടുന്നു എന്ന് ഫെയ്സ് ബുക്കിലൂടെ വിവരം ലഭിച്ചു. അതിനാൽ തെറ്റായ സ്ഥലത്ത് ആദ്യം പോകാതെയും സമയം നഷ്ടപ്പെടാതെയും നേരെ കൃത്യസമയത്ത് തന്നെ ആനയുടെ ഫോണിന്റെ അത്രയും ആകർഷകമായ ഗയിമുകൾ ഉള്ളത് അല്ലായിരുന്നെങ്കിലും അവന്റെ ഫോൺ തന്നെ അവനെ തക്കസമയത്ത് അവന്റെ കാട്ടിലെ പാഠശാലയിൽ എത്താൻ സഹായിച്ചു. അവൻ പറഞ്ഞു ഹോ. എനിക്ക് സന്തോഷവാനായിരിക്കുവാനുള്ള എല്ലാം ഉണ്ട്. മറ്റുള്ളവർക്കുള്ള എല്ലാ കളിപ്പാട്ടങ്ങളും എനിക്കില്ലെങ്കിലും യേശുക്രിസ്തു എന്നെ സംതൃപ്തനാക്കുന്നു.


## കേവ് ക്ലാസ് (പാഠം-2)




### ആഖാൻ മോഷ്ടിക്കുന്നു

(യോശുവ 7:1-23)


ബൈബിൾ കഥയിലെ ഓരോ ഭാഗം പറയുമ്പോൾ കാണിച്ചിരിക്കുന്നതുപോലെ ചിത്രങ്ങൾ വരയ്ക്കാൻ കുട്ടികളെ അനുവദിക്കുക. വിദ്യാർത്ഥികൾക്ക് പകർത്തിയെടുക്കത്തക്കവിധത്തിൽ ലഘുവായും അവർക്ക് വരയ്ക്കാൻ കഴിയുന്നതുപോലെയും ചിത്രങ്ങൾ ആയിരിക്കുവാൻ ശ്രദ്ധിക്കുക.



1. യെരിഹോയിലേക്ക് പുറപ്പെട്ടപ്പോൾ ആഖാൻ യോശുവയുടെ സൈന്യത്തിലെ ഒരു പട്ടാളക്കാരൻ ആയിരുന്നു. മതിൽ വീണപ്പോൾ ദൈവത്താൽ യുദ്ധത്തിൽ ശക്തരായി വിജയം വരിച്ചു. ആ പട്ടണത്തിൽ കാണുന്ന വസ്തുക്കളോ സ്വർണ്ണമോ വെള്ളിയോ മറ്റെന്തെങ്കിലുമോ എടുക്കരുതെന്ന് ദൈവം അവർക്ക് നിർദ്ദേശം കൊടുത്തിരുന്നു.

ചിത്രം-1 യെരിഹോ മതിൽ

2. യോശുവയുടെ നേതൃത്വത്തിലുള്ള സൈന്യത്തിന്റെ അടുത്ത യുദ്ധം ഹായി പട്ടണത്തോടായിരുന്നു. അവർക്ക് ജയിക്കാമായിരുന്ന ഒന്നായിട്ടും അവർ യുദ്ധത്തിൽ തോറ്റുപോയി. എന്തുകൊണ്ടാണ് പരാജയപ്പെട്ടതെന്നു യോശുവ ദൈവത്തോട് ചോദിച്ചു. ആളുകൾ ദൈവത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാത്തതിനാൽ ദൈവത്തിനു കോപം ഉണ്ടായി എന്ന ഉത്തരം ആണ് യോശുവക്ക് കിട്ടിയത്. ദൈവത്തോടുള്ള സ്നേഹത്തിനും അനുസരണത്തിനും പകരം വസ്തുക്കളോടുള്ള സ്നേഹം അവർക്ക് ഉണ്ടായി.



ചിത്രം-2 യുദ്ധത്തിൽ പരാജയപ്പെട്ട മ്ലാനവദനരായ പട്ടാളക്കാരുടെ തലകൾ




3 ജനങ്ങൾ തങ്ങളെത്തന്നെ ശുദ്ധീകരിക്കുവാനും ആരാണ് മോഷണം നടത്തി വസ്തുക്കൾ ഒളിപ്പിച്ചതെന്നു നാളെ അറിയിക്കാമെന്ന് ദൈവം യോശുവയോടു പറഞ്ഞു. ദൈവത്തെ സ്നേഹിക്കുന്നതിൽ അധികമായി വസ്തുക്കളെ സ്നേഹിക്കുന്നത് തെറ്റാണെന്ന് മനസിലാക്കി മാനസാന്തരപ്പെട്ടു മടങ്ങിവരാനുള്ള ഒരു അവസരം ആയിരുന്നു അത്. ആഖാനും തെറ്റു സമ്മതിച്ചു മടങ്ങി വന്നു ദൈവത്തെ അനുസരിക്കുന്നതിനുള്ള ഒരു അവസരം കൂടി ആയിരുന്നു അത്.

സന്തോഷകരമായ ജീവിതത്തിനും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും ഉള്ളതെല്ലാം തനിക്ക് ഉണ്ടെന്ന താൻ മനസ്സിലാക്കേണ്ടിയിരുന്നു.

ചിത്രം 3 യോശുവ മുട്ടിന്മേൽ നിന്ന് ദൈവത്തോടു സംസാരിച്ച പ്രാർത്ഥന കഴിക്കുന്നു.

4. അടുത്ത ദിവസം ഗോത്രങ്ങളെയും കുടുംബങ്ങളെയും കുടുംബത്തിലെ ഓരോ വ്യക്തികളെയും യോശുവ ഒരുമിച്ചു കൂട്ടിവരുത്തി. ആഖാൻ ആണ് കുറ്റക്കാരനെന്നു ദൈവം യോശുവയെ കാണിച്ചു. മനോഹരവും വിലയുള്ളതുമായ ചില വസ്തുക്കൾ തനിക്കു വേണമെന്ന് തോന്നി. അതുകൊണ്ട് അത് എടുത്ത് കൂടാരത്തിനകത്തെ മാലിന്യ കൂമ്പാരത്തിൽ ഒളിപ്പിച്ചു എന്ന് ആഖാൻ വെളിപ്പെടുത്തി. ആഖാൻ ഒളിപ്പിച്ചു എന്നു പറഞ്ഞ സ്ഥലത്തേക്ക് യോശുവ തന്റെ ആളുകളെ അയച്ചു അത് കണ്ടെടുത്തു. ആ വിലകൂടിയ വസ്തുക്കൾ എടുത്ത് യോശുവ ദൈവത്തിനു സമർപ്പിച്ചു. ആഖാൻ ശിക്ഷിക്കപ്പെടുകയും ചെയ്തു.



ചിത്രം 4 ആഖാൻ എടുത്ത വസ്തുക്കൾ. ഭംഗിയുള്ള ഒരു മേലങ്കി, ഒരു സ്വർണ്ണക്കട്ടിയും വെള്ളിനാണയങ്ങളും



5. യഹോവ യോശുവയോടു പറഞ്ഞു ഭയപ്പെടേണ്ട നിന്റെ സൈന്യത്തെ വീണ്ടും ഹായിയിലേക്ക് നയിക്കുക. ഞാൻ നിങ്ങൾക്ക് വിജയം തരും. ഒരിക്കൽ കൂടി ആ പട്ടണത്തിൽ നിന്ന് അവർ ആഗ്രഹിക്കുന്ന ഒന്നും എടുക്കരുത് ദൈവം അവരോടു പറഞ്ഞു. ഈ പ്രാവശ്യം ദൈവം പറഞ്ഞത് അനുസരിക്കുകയും ആ പട്ടണത്തെ പൂർണ്ണമായി അഗ്നിക്കിരയാക്കുകയും ചെയ്തു. അവർ യുദ്ധം ജയിച്ചു, വീണ്ടും അവർക്ക് ദൈവം നൽകിയ വിജയത്തിൽ അവർ സന്തോഷിച്ചു.

ചിത്രം 5 സന്തോഷമുള്ള മുഖത്തോടുകൂടി ആയുധങ്ങൾ ഉയർത്തി ദൈവത്തെ സ്തുതിക്കുന്നു.

### അഭിപ്രായങ്ങൾ

2 നിർദ്ദേശങ്ങളും ക്ലാസ്സിൽ ഉച്ചത്തിൽ വായിക്കുക. അതുകൊണ്ട് "അഭിപ്രായങ്ങൾ" എന്ന ആശയം വിദ്യാർത്ഥികൾക്ക് ചിന്തിക്കുവാനും ഇരുവശങ്ങളും ശരിയായ വിധത്തിൽ ക്രമീകരിക്കുവാനും സാധ്യമാക്കുക. കൊടുത്തിരിക്കുന്ന 2 ഓപ്ഷനുകളും വായിച്ചു 2-ഉം ശരിയായ ഉത്തരങ്ങൾ ആയി തോന്നുന്നതുപോലെ ആക്കുക. വോട്ടെടുപ്പിനു നിങ്ങൾ തിരഞ്ഞെടുക്കുന്ന സ്റ്റിക്കറുകൾ ഉപയോഗിക്കാം. ശരിയായ ഉത്തരം അവരെ കാണിക്കാൻ ശ്രമിക്കാതെ അവർ തന്നെത്താൻ ചിന്തിക്കുവാൻ അവസരം നൽകുക.

ചോദ്യം: ആഖാൻ ചില വസ്തുക്കൾ എടുത്തത് ശരിയായിരുന്നോ?

A ദൈവം എല്ലാം കാണുന്നുവെന്നും അനുസരണക്കേട് ശിക്ഷിക്കപ്പെടുമെന്നും ആഖാന് അറിവുണ്ടായിരിക്കും. അവൻ എന്തു എടുത്ത് ഒളിപ്പിച്ചാലും അത് തികച്ചും തെറ്റാണ്.


B. ആ പട്ടണം നശിപ്പിക്കപ്പെടുമെന്നും ചില കാര്യങ്ങളെങ്കിലും ചിലർക്കെങ്കിലും നഷ്ടപ്പെടരുതെന്നും ആഖാന് ആഗ്രഹം ഉണ്ടായിരുന്നു. അവൻ ശരിയായി ഒളിപ്പിച്ചാൽ അവൻ പിടിക്കപ്പെടുകയില്ലെന്നും അറിഞ്ഞിരുന്നു.


ദൈവത്തിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ മോഷണം നടത്തുവാനോ എന്നിൽ നിന്ന് ആരെങ്കിലും മോഷ്ടിക്കുവാനോ ആഖാൻ ചെയ്തതുപോലെ ഞാനും പ്രലോഭിപ്പിക്കപ്പെട്ടു. എനിക്ക് സന്തോഷവാനായിരിക്കുവാനുള്ള എല്ലാം ഉണ്ട്.




### ബൈബിളിലൂടെ സഞ്ചരിക്കുക(പാഠം-2)

ബൈബിളിലൂടെ വള്ളത്തിൽ സഞ്ചരിക്കുവാൻ ഉള്ള നദിയിലേക്കു സ്വാഗതം. ഓരോ ദിവസത്തിന്റെ പാഠത്തിന്റെ തലക്കെട്ടും മുദ്രാവാക്യങ്ങളും മന:പാഠവാക്യങ്ങളും പറയുവാൻ അനുവദിക്കുക. വിദ്യാർത്ഥിയുടെ പുസ്തകങ്ങൾ മടക്കി വെച്ച് ഒളിച്ചുവക്കപ്പെട്ട സങ്കീർണ്ണതകൾ കണ്ടുപിടിക്കുവാൻ പ്രോത്സാഹിപ്പിക്കുക. അടുത്തതായി നിങ്ങളുടെ കുട്ടികൾ പുസ്തകത്തിൽ 2 പ്രവൃത്തികൾ ചെയ്ത് പേജുകൾക്ക് നിറം കൊടുക്കട്ടെ .




(എളുപ്പമുള്ളതും പ്രയാസമേറിയതുമായ ഉത്തരങ്ങളിൽ നിന്ന ഇടത്തരം പുസ്തകത്തിലെ ഉത്തരങ്ങൾ കാണാം.)

## ട്രോപ്പിക്കൽ റസ്റ്റോറന്റ് (പാഠം-2)

### ആഖാന്റെ ഒളിക്കപ്പെട്ട നിക്ഷേപങ്ങൾ




ചേരുവകൾ :

- പ്ലാസ്റ്റിക് കപ്പുകൾ (ഒരു വിദ്യാർത്ഥിക്ക് ഒന്നവീതം)
- ചെറിയ പ്ലാസ്റ്റിക് സ്പൂൺ (ഓരോ വിദ്യാർത്ഥിക്കും ഓരോന്ന വീതം)
- ചോക്കലേറ്റ് പുഡിങ്ങ് മിശ്രിതം (ഉടനെ ഉണ്ടാക്കാവുന്നതോ പാകം ചെയ്യപ്പെട്ടതോ)
- പുഡിങ്ങിനുള്ള പാൽ
- ഓരോ കപ്പിനും താഴെ ഒളിച്ചുവക്കുവാൻ പറ്റിയ ചെറിയ മിഠായികൾ

നിർദ്ദേശങ്ങൾ :



ഓരോ കപ്പിന്റെയും താഴ്‌വശത്ത് ഒന്നോ രണ്ടോ മിഠായികൾ വക്കുക. പുഡിങ്ങ് ഉണ്ടാക്കുവാൻ കവറിന്റെ പുറത്തുള്ള നിർദേശങ്ങൾ പാലിക്കുക. പുഡിങ്ങ് തണുക്കുമ്പോൾ ഓരോ കപ്പും നിറച്ചു ശരിയായി അടക്കുക.ഇതാണ് ആഖാന്റെ കൂടാരത്തിലെ മാലിന്യം എന്നത് കുട്ടികളോട് പറയുക. നിങ്ങളുടെ ജോലി അതു കഴിച്ചു അടിയിൽ എന്താണ് ഒളിച്ചു വച്ചിരിക്കുന്നതെന്ന് കണ്ടുപിടിക്കുക.

## മാർഷ് ഗയിംസ് (പാഠം-2)

### 1.ചെറിയ ചാട്ടങ്ങൾ




ഈ കളിക്ക്, ഒരു ശൂന്യമായ ബക്കറ്റും ഒരു പ്ലാസ്റ്റിക്ക് കപ്പും ഓരോ കുട്ടിക്കും വേണം. മുന്നോട്ട് അഭിമുഖമായിരിക്കത്തക്കവിധത്തിൽ ഓരോ ടീമുകളും വരിയായി നിൽക്കുവാൻ നിർദ്ദേശിക്കുക. ഒന്നാമത്തെ ആൾ വലതുകരം പിന്നോട്ട് നീട്ടി പിന്നിൽ നിൽക്കുന്ന കുട്ടിയുടെ ഉയർത്തിവച്ചിരിക്കുന്ന വലത് കാലിൽ പിടിക്കണം.അങ്ങനെ പുറകോട്ടു രണ്ടാമത്തെ കുട്ടി മൂന്നാമത്തെ കുട്ടിയുടെയും കാലുകൾ പിടിക്കുക. പുറത്താണ് കളിക്കുന്നതെങ്കിൽ വെള്ളം കൂടി കളിയിൽ ഉൾപ്പെടുത്തണം. ഇടത്തെ കൈകൊണ്ടു ഒരു കപ്പു നിറയെ വെള്ളം അവർ

എടുക്കുന്നു. ആദ്യം നിൽക്കുന്ന ആളിന്റെ കൈയ്യിൽ ശൂന്യമായ കപ്പ് മാത്രമേ കാണുകയുള്ളൂ എന്നൊരു വ്യത്യാസമുണ്ട്. തുടങ്ങുന്ന സ്ഥലവും അവസാനിക്കുന്ന സ്ഥലവും രേഖപ്പെടുത്തണം. തുടങ്ങുവാനുള്ള അടയാളം നൽകുമ്പോൾ എല്ലാ ഗ്രൂപ്പും ചാടിക്കൊണ്ട് സമാപന സ്ഥലത്ത് എത്തിച്ചേരണം. ആ ലൈൻ അവസാനിക്കുമ്പോൾ അവരുടെ കൈയ്യിലുള്ള വെള്ളം ശൂന്യമായ ബക്കറ്റിൽ ഒഴിക്കണം. ഏറ്റവും, കൂടുതൽ വെള്ളം ബാക്കിയുള്ള ടീമാണ് വിജയി.

### 2. എല്ലാവരും ബക്കറ്റിൽ

സാധാരണ വെള്ളമോ രുചിചേർത്ത വെള്ളമോ സ്ട്രോ ഇട്ടു മുന്നിൽ വക്കുക. ഓരോ ഗ്രൂപ്പും ഏറ്റവും അടുത്ത് നിന്നു ഒരു വൃത്തം രൂപപ്പെടുത്തുക. വെള്ളം നിറച്ച പാത്രം ടീമിന്റെ മദ്ധ്യഭാഗത്ത് വച്ച് തീരുന്നതുവരെ എല്ലാ സംഘാംങ്ങളും ഇതിൽ നിന്ന് കുടിക്കുക. അവർക്ക് ഓരോരുത്തരായോ ഒരുമിച്ചോ കുടിക്കാം. ഗ്രൂപ്പുകൾ വലിയതാണെങ്കിൽ ഓരോ സംഘത്തിനും ഒന്നിലധികം പാത്രങ്ങൾ വച്ചിരിക്കണം.

## വാട്ടർ ഫോൾ ക്രാഫ്റ്റ്സ് (പാഠം-2)




### 3 ഡി ആന

അച്ചടിച്ച് ഓരോ കുട്ടികൾക്കും നൽകുക:

ഒരു ആനയുടെ തലയും ശരീരവും

2 ചെറിയ കുതിരക്കണ്ണുകൾ

2 സെ.മി ചണനൂൽ വാലിനുവേണ്ടി



1 ആനയുടെ തലയും ശരീരവും നിറം കൊടുത്ത് മുറിച്ചെടുക്കുവാൻ കുട്ടികളോട് നിർദ്ദേശിക്കുക.

2. ബ്രെയിസിംഗ് സ്ട്രിപ്പ് ആനയുടെ വയറിനടിയിൽ ഒട്ടിച്ചുവക്കത്തക്കവിധം ചെറുതായി ചുരുട്ടുകയോ മടക്കുകയോ ചെയ്യുക.

3. ചണനൂൽ വാലിന്റെ സ്ഥാനത്ത് ഒട്ടിക്കുക

4. കണ്ണുകൾ തലയിൽ ഒട്ടിക്കുക

5. തലയിൽ വളച്ചു ചെറു നാട വച്ച് കഴുത്തിന്റെ ഉള്ളിലുള്ള ദ്വാരത്തിൽ ഒട്ടിച്ചു വക്കുക.

## ഉപസംഹാരം (പാഠം-2)

ആഖാൻ ദൈവത്തിൽ നിന്ന് മോഷ്ടിക്കുവാൻ പ്രലോഭിക്കപ്പെടുകയും ബോഗ്ലിക്ക് ആനയുടെ കളിയിൽ അസൂയ ഉളവാക്കുവാനും മോഷണം നടത്തി അസമാധാനം വരുത്തുവാനും നാം പ്രലോഭിക്കപ്പെടും. പുറമേ ഉറങ്ങുന്ന രീതിയിൽ പലതും കാണിച്ച് നിങ്ങളെ അസന്തുഷ്ടിയിലേക്ക് നയിച്ച് നിങ്ങൾക്ക് ഉള്ളവയിൽ സന്തോഷം ഇല്ലാത്തവരാക്കാൻ ആളുകൾ ഉണ്ടാകും. എന്നാൽ നമ്മുടെ കർത്താവായ യേശു നമ്മുടെ ഉള്ളിൽ നമ്മെ തൃപ്തിപ്പെടുത്തുകയും ആഴത്തിലുള്ള സന്തോഷം നല്കിത്തരുകയും ചെയ്യുമെന്ന് നമുക്ക് അറിവാൻ കഴിയും. നാം ദൈവത്തിൽ ആശ്രയിക്കുമ്പോൾ നമുക്ക് എന്തുണ്ട് എന്നത് നോക്കാതെ നാം സംതൃപ്തരായിത്തീരുന്നു. ദൈവവചനം പറയുന്നതുപോലെ താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കു അറിയാം; തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ടു അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. നാം ഒരുമിച്ചു ഇന്നത്തെ പ്രധാന വിഷയം പറയാം… "എനിക്ക് സന്തോഷവാനായിരിക്കുവാനുള്ള എല്ലാം ഉണ്ട്."മറ്റൊരു അതിശയിപ്പിക്കുന്ന ദിനമായ ''കാടിനെ അതിജീവിക്കുക'' എന്ന വി.ബി.എസിലേക്ക് നാളെ കടന്നുവരിക. ഏത് ടീമാണ് അതിജീവിച്ചു വിജയിക്കുന്നത് എന്നു നമുക്ക് കാണാൻ കഴിയും!

# പാഠം-3

യേശു എന്നെ ദയാലുവാക്കുന്നു.

## പ്രധാനവിഷയം (പാഠം-3)

മറ്റുള്ളവർ എന്നോടു പെരുമാറണമെന്നു ഞാൻ ആഗ്രഹിക്കുന്നത് പോലെ ഞാൻ അവരോടു പെരുമാറും

## ബൈബിൾ പാഠം (പാഠം-3)

ഗേഹസി മുതലെടുക്കുന്നു (2 രാജ.5:1-27)

## ആമുഖം (പാഠം-3)

''കാടിനെ അതിജീവിക്കുക'' എന്ന വി.ബി.എസിന്റെ മൂന്നാം ദിവസം ഓരോ ടീമും വിജയത്തിനുള്ള വഴികൾക്കായി ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഇന്ന് നിങ്ങൾ

എങ്ങനെയുള്ളവരാണെന്നു മറ്റുള്ളവരെ കാണിക്കാൻ അവസരങ്ങൾ ഉണ്ട്. ഈ ടീമുകൾക്ക് അവരുടെ അവസരങ്ങൾ പിടിച്ചെടുക്കുവാൻ കഴിയുമോ. ഓരോ ദിവസവും ജനങ്ങൾ തമ്മിൽ ദയയില്ലാത്തവരായി മറ്റുള്ളവർ തലയിൽ ചവിട്ടി ഉയരത്തിലെത്താൻ ശ്രമിക്കുന്നത് നമ്മുടെ ആത്മവിശ്വാസം നഷ്ടപ്പെടുവാൻ കാരണമായേക്കാം. നമ്മൾ ക്രിസ്തുവിൽ ആരാണെന്ന് മനസിലാക്കുമ്പോൾ നമുക്ക് ആത്മവിശ്വാസം ഉള്ളവരായി മാറുന്നതിനു കഴിയും (ഇന്നത്തെ ബൈബിൾ വാക്യം അവതരിപ്പിക്കുക ലൂക്കോ 6:31) ഇന്ന് ബോസ്ലി ഒരു ശല്യക്കാരനെ അവന്റെ കാട്ടിലെ സ്കൂളിലേക്കുള്ള വഴിയിൽ കാണുമെങ്കിലും സ്വയം അപകട സാദ്ധ്യത മനസിലാക്കി അവനോടു ദയയുള്ളവനായിരിക്കാൻ തീരുമാനിക്കണം. കരകൌശലമായി കുരങ്ങിനെ ഉണ്ടാക്കി ഈ വി.ബി.എസിനെ ഓർപ്പിക്കുവാൻ വീട്ടിൽ കൊണ്ടുപോകുന്നതിനോടൊപ്പം നാണയങ്ങളുടെ രൂപത്തിലുള്ള ബിസ്കറ്റ്,ലഘുഭക്ഷണ സമയത്ത് കഴിക്കുകയും ചെയ്യുക. പിന്നീട് ബൈബിൾ തുറന്നു എങ്ങനെയാണ് അവന്റെ ആവശ്യത്തിനുവേണ്ടി മറ്റുള്ളവരെ മുതലെടുത്തത് എന്നും അതുമൂലം അവൻ വലിയ പ്രശ്നത്തിൽ എങ്ങനെ ചെന്നുപെട്ടു എന്നും മനസിലാക്കാം. എല്ലാവരും ചേർന്നു ഇന്നത്തെ പ്രധാനവിഷയം പറയാം. "മറ്റുള്ളവർ എന്നോടു പെരുമാറണമെന്നു ഞാൻ ആഗ്രഹിക്കുന്നത് പോലെ ഞാൻ അവരോടു പെരുമാറും"ക്രിസ്തുവിൽ നമുക്ക് ജീവിതവനാന്തരത്തെ അതിജീവിച്ച എന്ന ആത്മവിശ്വാസം നമ്മൾ മറ്റുള്ളവരോട് ദയയുള്ളവരാകുമ്പോൾ നമുക്കുണ്ടാകുന്നു എന്ന് ദിവസാന്ത്യത്തിൽ അറിയാൻ കഴിയും!





## മൃഗങ്ങൾ(പാഠം-3)

കുരങ്ങ് മുതലെടുക്കുന്നു, പുള്ളിപ്പുലി സഹായിക്കുന്നു.

## ടീമുകൾ (പാഠം-3)

വെള്ളിയാഴ്ച ഓരോ സംഘത്തിനും വീശിക്കാണിക്കുവാൻ തക്ക കൊടിയോ പോസ്റ്ററോ ഉണ്ടാക്കിക്കൊണ്ടുവരട്ടെ.

## ബൈബിൾ വാക്യം(പാഠം-3)

"മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്നു ഇച്ഛിക്കുന്നതുപോലെ തന്നെ അവർക്കും ചെയ്യുവീൻ" ലൂക്കോസ് 6:31

## നാടകം (പാഠം-3)

ബോസ്ലിയുടെ അലാറം നിന്നപ്പോൾ വേഗത്തിൽ ജീപ്പിൽ നിന്നിറങ്ങി സ്കൂളിൽ പോകുവാൻ ധൃതിയിൽ ഒരുങ്ങി. അവന്റെ ഇഷ്ടഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ, താൻ തന്റെ സെൽഫോണിൽ യൂ ടൂബിലുള്ള ഒരു വീഡിയോ കണ്ടു. അതിൽ ചില കുട്ടികൾ ഒരു കൊച്ചുകുട്ടിയെ ശല്യപ്പെടുത്തുന്നത് കണ്ടു. ആ വീഡിയോ തന്നെ വേദനിപ്പിച്ചുവെങ്കിലും തന്റെ കാട്ടിലെ സ്കൂളിൽ എത്താൻ താമസിക്കും എന്നതിനാൽ വേഗത്തിൽ ഇറങ്ങി. വഴിയിൽ അവൻ യൂ ടൂബിൽ കണ്ട ആ കുട്ടി ഒരു കുരങ്ങനുമായി പോകുന്നത് കണ്ടു. ആ കുരങ്ങൻ അവന്റെ പുറകിൽ ഇരുന്നു യാത്ര ചെയ്യുകയും ആ കുട്ടിയുടെ ഭക്ഷണം അല്പാല്പം കഴിക്കുകയും അവന്റെ ഗൃഹപാഠത്തിൽ എത്തി നോക്കുകയും ചെയ്യുന്നുണ്ടായിരുന്നു. കുരങ്ങൻ ഒരു സൌജന്യ യാത്രയും സൗജന്യ ഭക്ഷണവും എടുത്തു അവനെ ചതിച്ചുകൊണ്ട് സ്കൂളിലേക്ക് പോകുകയായിരുന്നു. ആ കുരങ്ങൻ കുട്ടിയെ മുതലെടുക്കുന്നത് ബോസ്ലിക്ക്

ഇഷ്ടപ്പെട്ടില്ല എന്നാൽ കുട്ടിയെ സഹായിക്കണമെന്നുണ്ടായിരുന്നെങ്കിലും സ്കൂളിൽ താമസിച്ച് ചെല്ലേണ്ട എന്നു ചിന്തിച്ച് വേണ്ടെന്നു കരുതി. ഈ ആഴ്ച മുഴുവൻ മിക്കവാറും താമസിച്ച് എത്താനായിരുന്നു സാദ്ധ്യത എങ്കിലും സമയത്ത് എത്തുവാൻ ദൈവം സഹായിച്ചു. എന്നാൽ ഇപ്പോൾ സഹായിക്കാൻ നിന്നാൽ തീർച്ചയായും താമസിക്കും. അപ്പോൾ പുള്ളിപ്പുലി വന്നു ബോഗ്ലിയെ ൽ ശരിയായ കാര്യം ചെയ്യുവാൻ പ്രോത്സാഹിപ്പിച്ചു. കുരങ്ങിനാൽ പീഡിപ്പിക്കപ്പെടുന്ന പാവം കുട്ടിയെ നോക്കി അവനെ സഹായിക്കുവാൻ തീരുമാനിച്ചു. ഒരു കുരങ്ങിനാൽ മുതലെടുക്കപ്പെടുന്നത് ഞാൻ ആയിരുന്നെങ്കിലോ.? ബോഗ്ലിയും പുള്ളിപ്പുലിയും കുട്ടിയെ രക്ഷിക്കാൻ ശ്രമിച്ചതിനാൽ കുരങ്ങ് ഓടിപ്പോയി. കുരങ്ങ് ഓടിച്ചെന്നു ഒരു മരത്തിൽ കയറിയെങ്കിലും പുറം അടിച്ച് അതിൽ നിന്ന് വീണു. അവൻ വീണ്ടും ഓടി മരത്തിൽ കയറുവാൻ ശ്രമിച്ചെങ്കിലും പിന്നെയും വീണതിനാൽ എഴുന്നേറ്റ് ഓടിപ്പോയി. ആ കുരങ്ങ് പോയപ്പോൾ ആ കുട്ടിയെ ബോഗ്ലി സഹായിച്ചു എങ്കിലും താൻ സ്കൂളിൽ എത്താൻ താമസിക്കും എന്ന് മനസിലായി. അപ്പോൾ പുള്ളിപ്പുലി 2 പേരെയും തന്റെ പുറത്ത് കയറുവാൻ അനുവദിച്ചു. അവർ കയറി കാട്ടിലൂടെ അതിവേഗത്തിൽ പുള്ളിപ്പുലി ഓടി ഒരിക്കൽ കൂടി ആശ്ചര്യകരമായി തക്കസമയത്ത് താൻ സ്കൂളിൽ എത്തി. മറ്റുള്ളവർ എന്നോടു പെരുമാറണമെന്നു ഞാൻ ആഗ്രഹിക്കുന്നത് പോലെ ഞാൻ  അവരോടു പെരുമാറും. എന്ന് ബോഗ്ലി ഓർത്തു ഒരു മന്ദസ്മിതത്തോടെ അവൻ പറഞ്ഞു യേശുക്രിസ്തു എന്നെ ദയയുള്ളവനാക്കി.

## കേവ് ക്ലാസ് (പാഠം-3)

### ഗേഹസി മുതലെടുക്കുന്നു. (2 രാജാ.5:1-27)




ബൈബിൾ കഥയിലെ ഓരോ ഭാഗം പറയുമ്പോൾ കാണിച്ചിരിക്കുന്നതുപോലെ ചിത്രങ്ങൾ വരയ്ക്കാൻ കുട്ടികളെ അനുവദിക്കുക. വിദ്യാർത്ഥികൾക്ക് പകർത്തിയെടുക്കത്തക്കവിധത്തിൽ ലഘുവായും അവർക്ക് വരയ്ക്കാൻ കഴിയുന്നതുപോലെയുള്ള ചിത്രങ്ങൾ ആയിരിക്കണം.



1. കുഷ്ഠരോഗി ആയിരുന്നെങ്കിലും നയമാൻ വലിയവനായിരുന്നു. സൗഖ്യമാകുന്നതിനുവേണ്ടി ദൈവത്തിന്റെ പ്രവാചകനായ എലീശായുടെ അടുക്കൽ ചെന്നു. സൗഖ്യം ലഭിക്കേണ്ടതിനു നദിയിൽ 7 പ്രാവശ്യം മുങ്ങുവാൻ എലീശാ നയമാനോട് പറഞ്ഞു. നയമാൻ അനുസരിച്ചു. കുഷ്ഠരോഗം മാറിയപ്പോൾ ഏറ്റം സന്തോഷവാനായി. ഒരു സമ്മാനം എലീശയ്ക്ക് നൽകുവാൻ ആഗ്രഹിച്ചു എന്നാൽ അവൻ അത് നിരസിച്ചു.  നയമാൻ അവനെ നിർബന്ധിച്ചു എങ്കിലും പണമോ സമ്മാനങ്ങളോ വാങ്ങുവാൻ എലീശാ താല്പര്യപ്പെട്ടില്ല.

ചിത്രം 1 നയമാന്റെ ശിരസ് വെള്ളത്തിനു മുകളിൽ

2. എലീശായുടെ ദാസനായ ഗേഹസി നയമാന്റെ സൗഖ്യവും എലീശയ്ക്ക് വാഗ്ദാനം ചെയ്യപ്പെട്ട സമ്മാനവും കണ്ടു. തന്റെ വീട്ടിലേക്കുള്ള മടക്ക യാത്രയിൽ ഗേഹസി നയമാന്റെ പിന്നാലെ ഓടി അവനെ തടഞ്ഞു നിർത്തി. ഒരു പ്രസിദ്ധ പട്ടാള മേധാവി ആയിരുന്നതിനാൽ നയമാൻ ധനികനാണെന്ന് ഗേഹസി മനസിലാക്കി. തനിക്കു അല്പം പണവും വസ്തുങ്ങളും ലഭിക്കുവാൻ നയമാനോട് ഒരു കള്ളം പറഞ്ഞു.



ചിത്രം-2 ഗേഹസി റോഡിലൂടെ ഓടുന്നു.



3. സമ്മാനങ്ങളും പണവും ലഭിക്കുവാൻ ഗേഹസി നയമാനോട് കള്ളം പറഞ്ഞു. അത് ശരിയായ കാര്യമല്ല. മറ്റു പലരും ഇന്ന് ചെയ്യുന്നതുപോലെ അവന്റെ സ്വഭാവത്തെ വിശദീകരിക്കുന്നതിനെക്കുറിച്ച്  ചില നല്ല കാരണങ്ങൾ ചിന്തിക്കാമായിരുന്നു. ഒരു പാപം മറ്റൊരു പാപത്തെ മൂടുന്ന ചരടിൽ ആരംഭിച്ച് താഴേക്ക് പാപത്തിന്റെ ഒരു ചുഴിപോലെആയിത്തീർന്നു. 2 പേർ എലീശയെ സന്ദർശിക്കുന്നതിനാൽ എലീശാ തന്റെ മനസ്സുമാറ്റി എന്ന് നയമാനോട് ഗേഹസി  പറഞ്ഞു. ദൈവം അവനെ സൗഖ്യം ആക്കിയതിനാൽ നന്ദിയുള്ളവനായി ഗേഹസി ചോദിച്ചതിന്റെ ഇരട്ടി പണം നൽകി. ഗേഹസി അത്യാഗ്രഹി ആയി അവനുവേണ്ടി കൂടുതൽ വസ്തുക്കൾ ആവശ്യപ്പെട്ടു. എലീശയെയും നയമാനെയും ദൈവത്തെയും മുതലെടുത്തു.

ചിത്രം-3 ഒരു ബാഗ് നിറയെ പണമോ, പേഴ്സോ, പണസഞ്ചിയോ



4. ഗേഹസിക്ക് പണവും സമ്മാനങ്ങളും ലഭിച്ചുകഴിഞ്ഞപ്പോൾ വേഗത്തിൽ വീട്ടിലെത്തി അത് ഒളിപ്പിച്ചുവെച്ചു. രഹസ്യമായി അത് സൂക്ഷിക്കാമെന്നും എലീശാ അതറിയില്ലെന്നും ഗേഹസി കരുതി. എന്നാൽ ഗേഹസി ചെയ്തത് വ്യക്തമായി ദൈവം എലീശായെ കാണിച്ചു. നാം ചെയ്യുന്നതെല്ലാം മാത്രമല്ല; നമ്മുടെ ഹൃദയത്തിലെ ഉദ്ദേശങ്ങളും ദൈവം അറിയുന്നു. നല്ല കാര്യം എന്ന നിലയിൽ മെനഞ്ഞെടുക്കുന്ന കാര്യങ്ങൾകൊണ്ട് ദൈവത്തെ വിഡ്ഢി ആക്കാൻ കഴികയില്ല.

ചിത്രം 4 – ഒരു വീട്



5. ഇപ്പോൾ ഗേഹസി കാര്യസാദ്ധ്യത്തിനു (മുതലെടുപ്പിന്) ചെയ്ത കാര്യങ്ങൾ എന്തെന്ന് ഏവരും അറിഞ്ഞു. നയമാന്റെ കുഷ്ഠരോഗം ബാധിക്കപ്പെട്ടു ദൈവം അവനു ശിക്ഷയായി കൊടുത്തു. ഗേഹസി ആഗ്രഹിച്ച രീതിയിൽ നയമാനോടോ എലീശയോടോ പെരുമാറിയില്ല. നിങ്ങൾ എലീശയെപ്പോലെ മറ്റുള്ളവരോട് ദയ ഉള്ളവരായിരിക്കുമോ. മറ്റുള്ളവരെ മുതലെടുത്ത് കൂടുതൽ ലഭിക്കുവാൻ ഗേഹസിയെപ്പോലെ ആകുവാനാണോ നിങ്ങളുടെ ആഗ്രഹം?

ചിത്രം 5 സുഖമില്ലാത്ത ഒരു മനുഷ്യൻ കട്ടിലിൽ .

## അഭിപ്രായങ്ങൾ

2 നിർദ്ദേശങ്ങളും ക്ലാസ്സിൽ ഉച്ചത്തിൽ വായിക്കുക. അതുകൊണ്ട് ''അഭിപ്രായങ്ങൾ'' എന്ന ആശയം വിദ്യാർത്ഥികൾക്ക് ചിന്തിക്കുവാനും ഇരുവശങ്ങളും ശരിയായ വിധത്തിൽ ക്രമീകരിക്കുവാനും സാദ്ധ്യമാക്കുക. കൊടുത്തിരിക്കുന്ന 2 ഓപ്ഷനുകളും വായിച്ചു 2-ഉം ശരിയായ ഉത്തരങ്ങൾ ആയി തോന്നുന്നതുപോലെ ആക്കുക. വോട്ടെടുപ്പിനു നിങ്ങൾ തിരഞ്ഞെടുക്കുന്ന സ്റ്റിക്കറുകൾ ഉപയോഗിക്കാം. ശരിയായ ഉത്തരം അവരെ കാണിക്കാൻ ശ്രമിക്കാതെ അവർ തന്നെത്താൻ ചിന്തിക്കുവാൻ അവസരം നൽകുക.

ചോദ്യം: നയമാനോട് പണം ആവശ്യപ്പെടാൻ ഗേഹസി പോയത് ശരിയാണോ?

A. നയമാനെ എലീശാ സൌഖ്യമാക്കിയപ്പോൾ ദൈവം ചെയ്തതിനു വില ഈടാക്കാൻ പാടില്ല എന്ന എലീശായുടെ തീരുമാനത്തിൽ ഇടപെട്ടത് ഒരു ദാസൻ എന്ന നിലയിൽ ഗെഹസിക്ക് യോജിച്ചതായിരുന്നോ. അവൻ നയമാന്റെ അടുക്കൽ ചെല്ലാൻ പാടില്ലായിരുന്നു.

B. എന്തെങ്കിലും ചെയ്തുകൊടുക്കുമ്പോൾ പ്രതിഫലം പ്രതീക്ഷിക്കുന്നത് സാധാരണമാണ്. രോഗം സൌഖ്യമാക്കുന്ന ഡോക്ടർക്ക് പ്രതിഫലം നൽകുന്നതുപോലെ നയമാൻ സൗഖ്യമായപ്പോൾ പണം ചോദിക്കുന്നതിൽ തെറ്റില്ല.

ഗേഹസി നയമാനിൽ മുതലെടുപ്പ് നടത്തിയതുപോലെ മറ്റുള്ളവർ നമ്മെയും മുതലെടുക്കുവാൻ ശ്രമിച്ചേക്കാം. എന്നാൽ നാം മനസിലാക്കേണ്ടത് ''മറ്റുള്ളവർ എന്നോടു പെരുമാറണമെന്നു ഞാൻ ആഗ്രഹിക്കുന്നത് പോലെ ഞാൻ അവരോടു പെരുമാറും. യേശുക്രിസ്തു എന്നെ ദയയുള്ളവനാക്കി മാറ്റുന്നു.




## ബൈബിളിലൂടെ സഞ്ചരിക്കുക(പാഠം-3)

ബൈബിളിലൂടെ വള്ളത്തിൽ സഞ്ചരിക്കുവാൻ ഉള്ള നദിയിലേക്കു സ്വാഗതം. ഓരോ ദിവസത്തെ പാഠത്തിന്റെ തലക്കെട്ടും മുദ്രാവാക്യങ്ങളും മന:പാഠവാക്യങ്ങളും ഒരുമിച്ചു പറയുക. വിദ്യാർത്ഥിയുടെ പുസ്തകങ്ങൾ അവർക്ക് കൊടുത്ത് ഒളിച്ചുവക്കപ്പെട്ട സങ്കീർണ്ണതകൾ കണ്ടുപിടിക്കുവാൻ പ്രോത്സാഹിപ്പിക്കുക. അടുത്തതായി നിങ്ങളുടെ കുട്ടികൾ പുസ്തകത്തിലുള്ള 2 പ്രവൃത്തികൾ ചെയ്ത പേജുകൾക്ക് നിറം കൊടുക്കട്ടെ .





(എളുപ്പമുള്ളതും പ്രയാസമേറിയതുമായ ഉത്തരങ്ങളിൽ നിന്ന ഇടത്തരം പുസ്തകത്തിലെ ഉത്തരങ്ങൾ കാണാം.)

## ട്രോപ്പിക്കൽ റെസ്റ്റോറന്റ് (പാഠം-3)

### ഗേഹസിയുടെ നാണയത്തുട്ടുകൾ(ബിസ്കറ്റ്)



ചേരുവകൾ:

- കുക്കികളെപ്പോലെയോ ക്രാക്കേഴ്സ്പോലെ വട്ടത്തിലുള്ള ബിസ്കറ്റ്
- ഓരോ കുട്ടിക്കും നാപ്കിനുകൾ

നിർദ്ദേശങ്ങൾ:

- പണം അടുക്കി വച്ചിരിക്കുന്നതുപോലെ ലഘുഭക്ഷണം (ബിസ്കറ്റ്) അടുക്കി വക്കുക.
- ഗേഹസിയെപ്പോലെ നടിച്ച പണത്തിന്റെ പുറകേപോയി കുറെ ഉണ്ടായിരുന്നിട്ടും അല്പം എടുക്കുന്നു.
- നാണയ രൂപത്തിലുള്ള കുക്കീസ് നാപ്കിനിൽ വച്ച് ഓരോ കുട്ടികൾക്കും നൽകുക.

## മാർഷ് കളികൾ(പാഠം-3)

### 1.ചെളി പ്രദേശം മറികടക്കുക.




ടയറുകളും വളയങ്ങളും തറയിൽ വച്ച് ഒരു ചെളിപ്രദേശം (ചതുപ്പ്) നിലം ഒരുക്കുക. എന്നാൽ ചെളിപ്രദേശത്ത് ചീങ്കണ്ണികൾ ഉള്ളതായി അഭിനയിക്കുക.അവസാനഭാഗത്ത് മത്സരത്തിന്റെ ആരംഭവും അവസാനവും കാണിക്കുന്ന അടയാളങ്ങൾവക്കുക. തുടങ്ങുന്നതിനു മുമ്പ് ആവേശം ജനിപ്പിച്ച് വിജയിക്കുന്നവരെ അഭിനന്ദിക്കുക. ഓരോ ഗ്രൂപ്പിലും ഉള്ള ചെറിയ കുട്ടികളുടെ സംഘം

''മുറിവേല്ക്കപ്പെട്ട കുട്ടിയെ ചുമലിൽ ഉടനീളം ചുമന്നു നടക്കുന്നതായി കാണിക്കാം. എല്ലാ കുട്ടികൾക്കും സുരക്ഷ ഉണ്ടായിരിക്കണമെന്ന കാര്യത്തിൽ ഉറപ്പു വരുത്തണം.

### 2.ചിലന്തിവലയെ മറികടക്കുക

4 അടി അകലത്തിൽ ഓരോരുത്തരും മുഖാമുഖം വരത്തക്കവിധത്തിൽ കസേരകൾ ഇടുക. തറയിൽ നിന്ന് 6 ഇഞ്ച് ഉയരത്തിൽ ഇരുകസേരകളുടെയും മുൻഭാഗത്തെ കാലുകൾ തമ്മിൽ കയർ കൊണ്ട് ബന്ധിപ്പിക്കുക. മൂന്നോ നാലോ സെറ്റുകളായി കസേരകൾ ഇട്ടു അതിനെ മറികടക്കാൻ കഴിയുന്ന വിധത്തിൽ ചിലന്തി വലയുടെ രൂപത്തിൽ ക്രമീകരിക്കുക. കുട്ടികളുടെ കഴിവിനനുസരിച്ച് ഈ ചിലന്തിവല എളുപ്പം ഉള്ളതോ കൂടുതൽ സങ്കീർണ്ണതയുള്ളതോ ആക്കുക. ഈ ചിലന്തിവലയുടെ അഗ്രത്ത് മത്സരം ആരംഭിക്കുന്നതിനും അവസാനിക്കുന്നതിനും ഉള്ള അടയാളങ്ങൾ നൽകുക. ആവേശം ജനിപ്പിച്ചു മത്സരം ആരംഭിക്കുക. കുട്ടികൾ കയറിൽ തൊടാതെ ചിലന്തി വല കുറുകെ കടക്കണം. ജയിക്കുന്ന സംഘത്തിനു ഒരു പോയിന്റ് ലഭിക്കും.

## വാട്ടർഫോൾ ക്രാഫ്റ്റ്സ് (പാഠം-3)

### കുരങ്ങിന്റെ വാതിൽ ഹാങ്ങർ




അച്ചടിച്ച് ഓരോരുത്തർക്കും നൽകുക:

- ഒരു വാതിൽ ഹാങ്ങർ അടിഭാഗം, ഒരു കുരങ്ങിന്റെ ശരീരം, 2 കാൽപാദങ്ങൾ
- 5 പൈപ്പ് ക്ലീനേഴ്സ് (10 cm അല്ലെങ്കിൽ ഏകദേശം 4 ഇഞ്ച്)

1. വാതിൽ ഹാങ്ങറിന്റെ മാതൃകയിലും കുരങ്ങിന്റെ രൂപത്തിനും അതിന്റെ കാൽപാദത്തിനും നിറം കൊടുക്കുക.

2. ഒരു പൈപ്പ് ലൈനർ വാൽ പോലെ ചുരുട്ടുന്നതെങ്ങനെയെന്നു കാണിച്ചു അത് കുരങ്ങുമായി ഒട്ടിക്കുക.



3. രണ്ടു കാലുകൾ എങ്ങനെ വളക്കാൻ കഴിയുമെന്ന് കാണിച്ചു കാലിന്റെ അടിഭാഗത്ത് കാൽപാദങ്ങൾ പശ ഉപയോഗിച്ച് ഒട്ടിക്കുക.

4. കുരങ്ങിന്റെ കാലുകൾ കുരങ്ങുമായി ഒട്ടിച്ചുചേർക്കുക.

5. അടുത്തതായി കൈകൾ വളച്ചു വാതിൽ ഹാങ്ങറുമായും കുരങ്ങുമായി ഒട്ടിച്ച് വാതിൽ ഹാങ്ങറിൽ കൈകൾ വരച്ചു വച്ചിരിക്കുന്നിടത്ത് ചേർത്തു വക്കുക.

## ഉപസംഹാരം(പാഠം-3)

ഗേഹസിയെപ്പോലെയും കുരങ്ങൻ ഇന്ന് ചെയ്തതുപോലെയും ആളുകൾ നമ്മിൽ നിന്ന് പ്രയോജനം എടുക്കുവാൻ ശ്രമിക്കും. എങ്ങനെ ആയാലും ലോകത്തിന്റെ വഴി പിൻപറ്റാതെ വ്യത്യസ്തരായി യേശുവിനെ നമുക്ക് പിൻപറ്റാം. മറ്റുള്ളവർ നമ്മോടു എങ്ങനെ പെരുമാറുന്നു എന്നതിന് പ്രാധാന്യം കൊടുക്കാതെ ദയവാനാകുവാൻ തീരുമാനിച്ചു വചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ എനിക്ക് ചെയ്യുവാൻ ഞാൻ ഇച്ഛിക്കുന്നത് അവർക്ക് ചെയ്യാം. ഇന്നത്തെ പ്രധാന വിഷയം നമുക്കൊരുമിച്ചു പറയാം... '' മറ്റുള്ളവർ എന്നോട് പെരുമാറണമെന്ന് ഞാൻ ആഗ്രഹിക്കുന്നതുപോലെ ഞാൻ അവരോടു പെരുമാറും.''

# പാഠം 4

യേശു ക്രിസ്തു എന്നെ അവന്റെ കുടുംബത്തിന്റെ ഭാഗമാക്കിത്തീർക്കുന്നു

## പ്രധാന വിഷയം (പാഠം-4)


ക്രിസ്തുവിന്റെ പൈതൽ എന്ന നിലയിൽ സ്വർഗ്ഗത്തിൽ എനിക്ക് നിത്യ ജീവൻ ഉണ്ട്.

## ബൈബിൾ പാഠം (പാഠം-4)

നേരിട്ട് ഹാമാനിൽ നിന്നുള്ള ആക്രമണം (എസ്ഥേർ)

## ആമുഖം (പാഠം-4)

വീണ്ടും സ്വാഗതം!"കാടിനെ അതിജീവിക്കുക" എന്നതിന്റെ അവസാനഭാഗത്തേക്ക് നാം എത്തുന്നു. നമ്മുടെ ടീമുകൾക്ക് ലഭിച്ചതെല്ലാം കൊടുക്കുവാൻ അവർക്ക് കഴിയുമോ? ഈ ആഴ്ചയിൽ ജീവിതകാലം മുഴുവനുള്ള ഒരു സാഹസികതക്ക് നമ്മുടെ ടീമുകൾ തുടക്കമിട്ടപ്പോൾ അത് എത്രത്തോളം രസകരം ആവുമെന്ന് അവർ അറിഞ്ഞിരുന്നില്ല. ഇപ്പോൾ അതിന്റെ സമാപനത്തോടടുക്കുന്നു. എന്നാൽ ഇത് മറക്കാൻ കഴിയാത്ത ഒന്നായിത്തീരുമെന്നുള്ള ഒരു ചിന്ത എന്റെ മനസ്സിലുണ്ട്. ക്രിസ്തുവിൽ നാം ആരാണ് എന്നുള്ള വസ്തുത നാം പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ഇന്നത്തെ വളരെ പ്രത്യേകതയുള്ള ഒരു കാര്യം, ദൈവകുടുംബത്തിലേക്ക് യഥാർത്ഥത്തിൽ നാം ദത്തെടുക്കപ്പെട്ടു എന്നുള്ളതാണ്. യേശുക്രിസ്തു അവന്റെ കുടുംബത്തിന്റെ ഭാഗമാക്കി എന്നെ തീർക്കുന്നു. (ഇന്നത്തെ ബൈബിൾ വാക്യം അവതരിപ്പിക്കുക യോഹ. 10:27-28) ബോഗ്ലിയുടെ സാഹസികതകളിൽ ആക്രമണങ്ങൾ നേരിടേണ്ടിവരുമ്പോൾ അവൻ അതിനെ അതിജീവിക്കുന്നു എന്നെനിക്കുറപ്പുണ്ട്. അങ്ങനെ വേദപുസ്തകം തുറന്നു നയമാന്റെ നേരിട്ടുള്ള ആക്രമണത്തിൽ നിന്ന് ദൈവത്തിന്റെ കൃപയാലും കരുണയാലും എസ്ഥേർ വിജയി ആയിത്തീർന്നു എന്നുള്ളത് കാണാം. നമ്മുടെ കരകൌശല വിദ്യയിൽ വീട്ടിലേക്ക് കൊണ്ടുപോകത്തക്കവിധത്തിൽ ഒരു ഫോട്ടോ ഫ്രയിം ഉണ്ടാക്കുകയും ലഘുഭക്ഷണസമയത്ത് എസ്ഥേറിന്റെ കിരീടം ഉണ്ടാക്കുകയും ചെയ്യാം. ഒരു ദൈവമകൾ ആണെന്നതിൽ എസ്ഥേർ സന്തോഷവതി ആയിരുന്നു. ഇന്നത്തെ പ്രധാനവിഷയം നമുക്കൊന്നിച്ച് പറയാം, "ക്രിസ്തുവിന്റെ പൈതൽ എന്ന നിലയിൽ സ്വർഗ്ഗത്തിൽ എനിക്ക് നിത്യ ജീവൻ ഉണ്ട്." ദിവസാന്ത്യത്തിൽ ജീവിതവനാന്തരത്തെ അതിജീവിക്കുവാനുള്ള ആത്മവിശ്വാസത്തോടെ ദൈവകുടുംബത്തിലെ അംഗമാകാനുള്ള അവസരം സംജാതമാകുന്നു!



## മൃഗങ്ങൾ (പാഠം-4)

കടുവ ആക്രമിക്കുന്നു, ചെന്നായ് സഹായിക്കുന്നു.

## ടീമുകൾ (പാഠം-4)

ഓരോ ടീമുകളും നാളെ അവതരിപ്പിക്കാനുള്ളവ
പരിശീലിക്കുക.അത് ആഹ്ലാദ പ്രകടനങ്ങളോ അലങ്കരിച്ച കൊടിയോ ജനങ്ങൾക്കുള്ള അഭിവാദനങ്ങളോ ആകാം .

## ബൈബിൾ വാക്യം (പാഠം-4)

"എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചു പോകയില്ല; ആരും അവയെ എന്റെ കയ്യിൽ നിന്നു പിടിച്ചുപറിക്കയും ഇല്ല. "യോഹ. 10:27-28

## നാടകം (പാഠം-4)

ഒരിക്കൽ കൂടി ബോഗ്ലിയുടെ അലാറം നിന്നപ്പോൾ അവൻ എഴുന്നേറ്റു കൈകൾ വിരിച്ചു ഉണരുന്നതിന്റെ ലക്ഷണങ്ങൾ കാണിച്ചു. മഴ പെയ്തതുമൂലം തന്റെ ശരീരം മുഴുവനും നനഞ്ഞിരിക്കുകയാണെന്ന് ബോഗ്ലി മനസിലാക്കി. കഴിഞ്ഞ ദിവസം കിടക്കാൻ പോകുന്നതിനു മുമ്പ് തന്റെ ജീപ്പ് മൂടേണ്ടതായിരുന്നു. തന്റെ ഇഷ്ടഭക്ഷണം കഴിച്ചതിനുശേഷം മഴക്കോട്ട് എടുത്തിട്ടു തന്റെ കാട്ടിലെ പാഠശാലയിലേക്ക് പ്രയാണം ആരംഭിച്ചു. സാധാരണ പോകുന്ന വഴി പോയാൽ സ്കൂളിൽ എത്തുന്നതിനു മുമ്പ്

ശരിയായി നനയാൻ സാധ്യത ഉള്ളതിനാൽ കൂടുതൽ സുരക്ഷിതമായ ഇടതൂർന്ന വനത്തിലൂടെ പോയാൽ നനയാതെ ഇരിക്കാം എന്ന കാര്യം കുട്ടികളോട് പറഞ്ഞു.ആ വഴിക്കു കടുവകൾ ഉണ്ടെന്ന പ്രശ്നം ഉണ്ടായിരുന്നു. അവൻ അവന്റെ മൊബൈൽഫോൺ കൈക്കലാക്കി അതിൽ നോക്കി ഇന്ന് രാവിലെതന്നെ ഈ ഘോരവനത്തിൽ തങ്ങളുടെ ചിത്രങ്ങൾ ഇടുന്ന കടുവകൾ ഉണ്ട്. എന്തായാലും പോകുവാൻ തന്നെ ബോഗ്ലി തീരുമാനിച്ചു. കടുവകളുടെ ഭാഗത്ത് ബോഗ്ലി പ്രവേശിച്ചപ്പോൾ തനിക്കു മനസിലായി തന്റെ ചർമത്തിന് വരകൾ ഒന്നും ഇല്ലാത്തതിനാൽ വേഗത്തിൽ അവയ്ക്ക് കാണാൻ കഴിയുമെന്ന്. പെട്ടെന്ന് ഒരു കടുവ ചാടി വീണു ബോഗ്ലിയെ നോക്കി മുരളാൻ തുടങ്ങി. കടുവയുടെ നേരിട്ടുള്ള ആക്രമണം തന്നെ ഞെട്ടിച്ചതിനാൽ പെട്ടെന്ന് ചതുപ്പു നിലത്തുനിന്ന് കുറെ ചെളി എടുത്തു അവന്റെ തൊലിപ്പുറത്തു വരകൾപോലെ പൂശി. അവൻ അധികം ശ്രദ്ധിക്കപ്പെടുകയില്ല എന്ന് ചിന്തിച്ചു. പെട്ടെന്ന് ഒരു ചെന്നായ് ഒരു മൂലയിൽ നിന്ന് പെട്ടെന്നു വന്നപ്പോൾ ശരീരത്തിൽ ചെളി നിറഞ്ഞ വരകൾ ഉള്ള ബോഗ്ലിയെ കണ്ടു. നീ എകനാണെന്ന് ചിന്തിക്കേണ്ട ചെന്നായ് പറഞ്ഞു. കടുവകളെപ്പോലെ നിന്റെ ശരീരത്തിൽ വരകൾ ഇല്ലെന്നത് കാര്യമാക്കേണ്ട. നീ കടുവകളുടെ ഭാഗമാകേണ്ട. എന്തുകൊണ്ടെന്നാൽ യേശുക്രിസ്തു നിന്നെ അവന്റെ കുടുംബത്തിന്റെ ഭാഗമാക്കുന്നു. ബോഗ്ലി ആ ചതുപ്പിൽ തന്റെ ശരീരം കഴുകി. അങ്ങനെ തനിക്കും ചെന്നായ്ക്കും കടുവയിൽ നിന്ന് ദൂരെ മാറുവാൻ കഴിയും എന്ന് ചിന്തിച്ചു. എന്നാൽ ബോഗ്ലിയുടെ കാലുകൾ ചെളിയിൽ താണുപോയതിനാൽ അവിടെ നിന്ന് പുറത്തു കിടക്കാൻ കഴിഞ്ഞില്ല. അല്പം ബുദ്ധിമുട്ടിയെങ്കിലും അവർക്ക് അതിൽ നിന്ന് മോചനം ലഭിച്ചു. അവർ നടന്നു കാട്ടിലെ സ്കൂളിലെത്തിയപ്പോൾ യേശുക്രിസ്തു നമ്മുടെ അക്രമ്യങ്ങൾക്ക്  വിലകൊടുത്ത കാര്യങ്ങൾ ചെന്നായ ബോഗ്ലിയോടു വിശദീകരിച്ചു. അവർ നടന്നുകൊണ്ടിരിക്കുമ്പോൾ രക്ഷയെക്കുറിച്ച്  ചെന്നായ് ബോഗ്ലിയോടു പറകയും അവൻ പ്രാർത്ഥിക്കുകയും ചെയ്തു. എന്നിട്ടിങ്ങനെ പറഞ്ഞു,,"ക്രിസ്തുവിന്റെ പൈതൽ എന്ന നിലയിൽ സ്വർഗ്ഗത്തിൽ എനിക്ക് നിത്യ ജീവൻ ഉണ്ട്! യേശുക്രിസ്തു അവന്റെ കുടുംബത്തിന്റെ ഭാഗമായി എന്നെ മാറ്റുന്നു." ഒരിക്കൽ കൂടി, സമയത്ത് അവൻ സ്കൂളിൽ എത്തിച്ചേർന്നു.

## കേവ് ക്ലാസ് (പാഠം-4)

### നേരിട്ട് ഹാമാനിൽ നിന്നുള്ള ആക്രമണം





ബൈബിൾ കഥയിലെ ഓരോ ഭാഗം പറയുമ്പോൾ കാണിച്ചിരിക്കുന്നതുപോലെ ചിത്രങ്ങൾ വരയ്ക്കാൻ കുട്ടികളെ അനുവദിക്കുക. വിദ്യാർത്ഥികൾക്ക് പകർത്തിയെടുക്കത്തക്കവിധത്തിൽ ലഘുവായും അവർക്ക് വരയ്ക്കാൻ കഴിയുന്നതുപോലെയും ചിത്രങ്ങൾ ആയിരിക്കുവാൻ ശ്രദ്ധിക്കുക.



1. അർത്ഥഹ്ശഷ്ടാ രാജാവിനോട് അനുസരണക്കേട് കാണിച്ചതിനാൽ വസ്ഥിരാജ്ഞി അവളുടെ പദവിയിൽ നിന്ന് നീക്കം ചെയ്യപ്പെട്ടു. എസ്ഥേർ അവൾക്ക് പകരമായി തിരഞ്ഞെടുക്കപ്പെട്ടു. 14 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന അവൾ രാജ്യത്തെ താഴ്ന്ന കുടുംബത്തിലെ അംഗമായിരുന്നു.

ചിത്രം-1 സുന്ദരിയായ രാജകുമാരിയെപ്പോലുള്ള എസ്ഥേറിനെ വരക്കുക

2. ഹാമാൻ രാജാവിന്റെ പ്രധാന മന്ത്രിയും രാജാവിന്റെ അടുത്ത ആളും ആ വലിയ രാജ്യത്തെ പ്രാധാന്യമുള്ള ഒരുവനുമായിരുന്നു. അവൻ കടന്നുപോകുമ്പോൾ എല്ലാവരും അവനെ വണങ്ങണം എന്നു രാജാവ് കല്പിച്ചിരുന്നു എന്നു മാത്രമല്ല വലിയ ഒരു അഹങ്കാരിയും ആയിരുന്നു ഹാമാൻ- മോർദ്ദെഖായി യഹൂദനും. ഹാമാനെ അല്ല ദൈവത്തെയാണ് വണങ്ങേണ്ടതെന്ന ചിന്തയുള്ളവനും ആയിരുന്നു. അത് ഹാമാനു  വളരെ കോപം ഉണ്ടാക്കി.



ഹാമാൻ വളരെ കോപിഷ്ടനായി മോർദ്ദേഖായിയെ മാത്രമല്ല എല്ലാ യഹൂദന്മാരെയും കൊല്ലണമെന്ന് തീരുമാനിച്ചു. യഹൂദന്മാരെ എല്ലാവരെയും കൊല്ലേണ്ടതിനു രാജാവിനെ കൌശലത്തിൽ സ്വാധീനിച്ചു ഒരു നിയമം ഉണ്ടാക്കാൻ ശ്രമം നടത്തി.

ചിത്രം2  ജനം തറയിൽ തല കുനിച്ചു മുട്ടിന്മേൽ നിൽക്കുന്നു.



3. ഇതേ രീതിയിൽ 10 കല്പനകളും നിയമങ്ങളും അനുസരിക്കാനായി ദൈവം നൽകിയിട്ടുണ്ട്. ആ 10 കല്പനകൾ അനുസരിക്കുന്നില്ലെങ്കിൽ ദൈവീക ശിക്ഷാവിധി നിങ്ങൾ വിളിച്ചുവരുത്തുകയാണ്. എനിക്കും നിങ്ങൾക്കും എല്ലാ കല്പനകളും എപ്പോഴും അനുസരിക്കുവാൻ കഴിഞ്ഞില്ലെന്നു വരാം.

ചിത്രം:3   കല്പനകളുടെ ഒരു പോസ്റ്റർ ഉള്ള തൂണ്



4. എസ്ഥേർ 3 പ്രത്യേക വിരുന്ന് ഒരുക്കി തനിക്കും എല്ലാ യഹൂദന്മാർക്കും വരുവാൻ പോകുന്ന അപകടം രാജാവിനെ അറിയിച്ചു. എസ്ഥേർ രാജാവിനോട് സംസാരിച്ചതെങ്കിലും അവരുടെ ധൈര്യം അനേകരെ മരണത്തിൽ നിന്ന് വിടുവിക്കുവാൻ കാരണമായി. നമ്മുടെ പാപങ്ങൾ മൂലം നാം ശിക്ഷിക്കപ്പെടാതിരിക്കേണ്ടതിനു യേശുക്രിസ്തു താണിറങ്ങി വന്നു അവൻ ഒരു വഴി തുറന്നു. നമുക്കുവേണ്ടിയും അവന്റെ എല്ലാ കല്പനകളും അനുസരിക്കാത്തവർക്കും കൂടി യേശു മരണം വരിച്ചു.

ചിത്രം: 4 പ്രത്യേക ഭക്ഷണം ഒരുക്കിയിരിക്കുന്ന മേശ



5. എസ്ഥേറിനെ പ്പോലെ നിങ്ങൾക്ക് രക്ഷ ആവശ്യമെങ്കിൽ നിങ്ങൾ ആയിരിക്കുന്ന അപകടാവസ്ഥ യഥാർത്ഥ രാജാവായ ദൈവത്തോട് പറയണം. ഞാൻ പറഞ്ഞു തരുന്നതുപോലെയോ സ്വന്തം വാക്കുകളിലോ പ്രാർത്ഥനയുടെ വാചകങ്ങൾ നിങ്ങൾക്ക് അവനോടു പറയാം.

ചിത്രം:5 നിങ്ങളുടെ ക്രിസ്തീയ കുടുംബവുമായി ബന്ധപ്പെട്ട് ഒരു ചിത്രം വരക്കുക

"പ്രിയ കർത്താവേ, ഞാൻ ഒരു പാപിയാണെന്ന് മനസിലാക്കുന്നു. യേശുവിനെ എന്റെ രക്ഷക്കായി അയച്ചു എന്ന് ഞാൻ അറിയുന്നു. എന്റെ പാപത്തിന്റെ ശിക്ഷ ഏറ്റെടുത്തു ക്രൂശിന്മേൽ അവൻ മരിച്ചു. എന്നോട് ക്ഷമിച്ചു എന്റെ ജീവതത്തിലേക്ക് കടന്നുവന്നു എന്നെ രൂപാന്തരപ്പെടുത്തേണമേ. എന്റെ ഇനിയുള്ള ജീവിതത്തിൽ എന്നെ നയിക്കുകയും നിന്നെ അനുഗമിക്കുവാൻ സഹായിക്കുകയും ചെയ്യേണമേ. എന്നെ രക്ഷിച്ചതിനും നിന്റെ കുടുംബത്തിലെ ഒരുവനാക്കിയതിനും ഞാൻ നന്ദിയുള്ളവനാണ്. എന്റെ മരണത്തിനുശേഷം നിന്നോടൊപ്പമുള്ള ജീവിതത്തിനു സ്വർഗ്ഗത്തിലേക്ക് എന്നെ സ്വീകരിക്കുന്നതിനാൽ നന്ദി. യേശുവിന്റെ നാമത്തിൽ തന്നെ. ആമേൻ."

## അഭിപ്രായങ്ങൾ

2 നിർദ്ദേശങ്ങളും ക്ലാസ്സിൽ ഉച്ചത്തിൽ വായിക്കുക. അതുകൊണ്ട് "അഭിപ്രായങ്ങൾ" എന്ന ആശയം വിദ്യാർത്ഥികൾക്ക് ചിന്തിക്കുവാനും  ഇരുവശങ്ങളും ശരിയായ വിധത്തിൽ ക്രമീകരിക്കുവാനും സാദ്ധ്യമാക്കുക. കൊടുത്തിരിക്കുന്ന 2 ഓപ്ഷനുകളും വായിച്ചു 2-ഉം ശരിയായ ഉത്തരങ്ങൾ ആയി തോന്നുന്നതുപോലെ ആക്കുക. വോട്ടെടുപ്പിനു നിങ്ങൾ തിരഞ്ഞെടുക്കുന്ന സ്റ്റിക്കറുകൾ ഉപയോഗിക്കാം. ശരിയായ ഉത്തരം അവരെ കാണിക്കാൻ ശ്രമിക്കാതെ അവർ തന്നെത്താൻ ചിന്തിക്കുവാൻ അവസരം നൽകുക.

ചോദ്യങ്ങൾ : എസ്ഥേർ ചെയ്തത് ശരിയായിരുന്നോ തെറ്റായിരുന്നോ?

A. രാജ്യത്തിന്റെ ഒരു നേതാവിന്റെ അടുത്ത് ചെന്ന് നിയമം മാറ്റാൻ ശ്രമിക്കുന്നത് നല്ലതാണ്. നിങ്ങൾക്ക് അനുകൂലമായ തീരുമാനം ലഭിക്കാൻ എസ്ഥേർ വിരുന്നിലൂടെ ചെയ്തതുപോലെ എതുമാർഗ്ഗവും ഉപയോഗിക്കാം.

B. പരിണിതഫലം എന്തായിരുന്നാലും നിയമങ്ങൾ അംഗീകരിച്ചു ജീവിക്കുന്നതാണ് അഭികാമ്യം. ഭക്ഷണത്തിലൂടെ സ്നേഹം പിടിച്ചു പറ്റി നിയമങ്ങൾ മാറ്റിയെടുക്കുന്നത്ശരിയായ രീതിയല്ല.

എസ്ഥേറിനുണ്ടായതുപോലെ നമുക്കു നേരെ വരുന്ന ആക്രമണങ്ങൾ നാം അഭിമുഖീകരിക്കും. ഒരു ദൈവപൈതലെന്ന നിലയിൽ സ്വർഗ്ഗത്തിൽ നിത്യജീവന് അവകാശികൾ ആയതിനാൽ ഈ ആക്രമണങ്ങൾ ഒന്നും നമുക്ക് ഹാനി വരുത്തുകയില്ല എന്ന് നമുക്ക് ഉറച്ചു വിശ്വസിക്കാം."ക്രിസ്തുവിന്റെ പൈതൽ എന്ന നിലയിൽ സ്വർഗ്ഗത്തിൽ എനിക്ക് നിത്യ ജീവൻ ഉണ്ട്."യേശുക്രിസ്തു അവന്റെ കുടുംബത്തിലെ ഒരു ഭാഗമായി എന്നെ മാറ്റുന്നു.






## ബൈബിളിലൂടെ സഞ്ചരിക്കുക (പാഠം-4)

ബൈബിളിലൂടെ വള്ളത്തിൽ സഞ്ചരിക്കുവാനായി ഉള്ള നദിയിലേക്കു സ്വാഗതം. ഓരോ ദിവസത്തെ പാഠത്തിന്റെ തലക്കെട്ടും മുദ്രാവാക്യങ്ങളും മന:പാഠവാക്യങ്ങളുംഎല്ലാവരും ചേർന്ന് പറയുക. വിദ്യാർത്ഥിയുടെ പുസ്തകങ്ങൾ  അവർക്ക് നല്കി ഒളിച്ചുവക്കപ്പെട്ട സങ്കീർണ്ണതകൾ

കണ്ടുപിടിക്കുവാൻ പ്രോത്സാഹിപ്പിക്കുക. അവസാനമായി നിങ്ങളുടെ കുട്ടികൾ പുസ്തകത്തിലെ 2 പ്രവൃത്തികൾ ചെയ്ത പേജുകൾക്ക് നിറം കൊടുക്കട്ടെ .

ഉത്തരങ്ങൾ




(എളുപ്പമുള്ളതും പ്രയാസമേറിയതുമായ ഉത്തരങ്ങളിൽ നിന്ന ഇടത്തരം പുസ്തകത്തിലെ ഉത്തരങ്ങൾ കാണാം.)

## ട്രോപ്പിക്കൽ റസ്റ്റോറന്റ് (പാഠം-4)

### എസ്ഥേറിന്റെ കിരീടം






ഓപ്ഷൻ-1:

ചേരുവകൾ :

- പേപ്പർ കപ്പുകൾ
- കപ്പുകൾ നിറയ്ക്കുവാനുള്ള ലഘുഭക്ഷണം : ഉപ്പേരി, ചീറ്റോസ്, പഴങ്ങൾ, കുക്കീസ്

നിർദ്ദേശങ്ങൾ :

- കിരീടം ഉണ്ടാക്കാവുന്നതുപോലെ ത്രികോണാകൃതിയിൽ കപ്പുകൾ മുറിച്ചെടുക്കുക.
- ആശയം: ലഘുഭക്ഷണങ്ങൾ നിറയ്ക്കുന്നതിനു മുമ്പ് കുട്ടികൾ അവരുടെ കപ്പുകൾക്ക് നിറം കൊടുക്കുകയോ അലങ്കരിക്കുകയോ ചെയ്യുക.

ഓപ്ഷൻ-2 :

കിരീട രൂപത്തിൽ വാട്ടർമെലൻ മുറിച്ചെടുത്തത്.

ചേരുവകൾ :

- ഓരോ വിദ്യാർത്ഥികൾക്കും വിളമ്പുവാനുള്ള പ്ലേറ്റുകൾ.
- ഒരുക്കിയ പഴങ്ങൾ- പ്രാദേശികമായി ലഭ്യമാകുന്നത് എന്തും

- ആശയങ്ങൾ: വാട്ടർ മെലൻ, കാന്റലൂപ്പ്, പഴങ്ങൾ, മുന്തിരി, പീച്ച് , മാർഷ് മെലോ, ബ്ലൂബെറി, സ്ട്രോബെറി, കൈതച്ചക്ക.

നിർദ്ദേശങ്ങൾ:

- വാട്ടർ മെലൻ മുറിച്ച് ഉരന്നെടുത്ത് ലഘുഭക്ഷണത്തിന്റെ ഭാഗമായി ഉപയോഗിക്കത്തക്കവിധത്തിൽ ആക്കുക. താഴ്‌വശം മേശയിൽ ഇരിക്കത്തക്കവിധത്തിൽ മറിയാത്തതോ ഉരുളാത്തതോ ആയ രീതിയിൽ മുറിക്കുക.
- വാട്ടർ മെലന്റെ തോടിനുള്ളിൽ നിങ്ങളുടെ താല്പര്യ പ്രകാരമുള്ള ഫലങ്ങൾ നിറക്കുക.

## മാർഷ് ഗയിംസ് (പാഠം-4)

### 1.ഗുഹ മറികടക്കുക




ഈ കളിക്ക് വലിയ പ്ലാസ്റ്റിക്ക് ബാഗുകളും പത്രങ്ങളും ടേപ്പും വേണം. ബാഗുകൾ തമ്മിൽ  നിങ്ങളുടെ മത്സരത്തിനു ആവശ്യമായ നീളത്തിൽ ടേപ്പ് കൊണ്ട് ചേർത്ത് കൊളുത്തി ഒരു തുരങ്കം പോലെ ഉണ്ടാക്കണം. എത്ര ടീമുകൾ ഉണ്ടോ അത്രയും തുരങ്കങ്ങൾ നിർമ്മിക്കണം.ഓരോ ടീമും ഗുഹയിലൂടെ കടന്നു അതിന്റെ അറ്റത്തുവരെ പോകുക. ആദ്യം പൂർണ്ണമായി തുരങ്കത്തിലൂടെ കടന്നുപോകുന്ന ടീം ആയിരിക്കും വിജയികൾ. കൂടുതൽ രസകരമാക്കുന്നതിനു  കട്ടിയുള്ള പേപ്പറുകളോ പേപ്പർ കൊണ്ടുണ്ടാക്കിയ മരങ്ങളോ തുരങ്കത്തിനുള്ളിൽ തൂക്കിയിട്ടാൽ  കൂടുതൽ ആവേശകരം ആയിരിക്കും.

### 2.ഇല ഓട്ടം

ഓരോ കുട്ടിക്കും ഏതെങ്കിലും മരത്തിന്റെ ഒരു ഇലയും ഒരു സ്ട്രോയും വേണം. അവരുടെ ഇലകൾ വീഴുന്നത് എവിടെ എന്നറിയുവാൻ ഒരു പ്രത്യേക ഭാഗം തറയിൽ രേഖപ്പെടുത്തുക. എത്ര ഇലകൾ അവരുടെ കൈയ്യിൽ ഉണ്ടെന്നു ഓരോ ടീമും അറിഞ്ഞിരിക്കണം. തുടങ്ങുവാനുള്ള നിർദ്ദേശം ലഭിക്കുമ്പോൾ എല്ലാ ഗ്രൂപ്പും അവരുടെ കൈയ്യിലുള്ള ഇലകൾ ആകാശത്തേക്ക് എറിഞ്ഞു സമാപന വരയിൽ എത്തത്തക്കവിധം സ്ട്രോ കൊണ്ട് ഊതുക. ചില ഇലകൾ എതിർ ടീമിന്റെ സ്ഥലത്തേക്ക് പോകും എന്നാൽ കുട്ടികൾ അവരുടെ ഇലകൾ അവരവരുടെ ഭാഗത്ത് തന്നെ വീഴത്തക്കവണ്ണം ശ്രമിക്കണം. ഏറ്റവും കൂടുതൽ ഇലകൾ വീഴുന്നത് ആരുടെ സ്ഥലത്താണോ അതു മറ്റുള്ള ടീമിന്റെതായാലും അവർ വിജയികൾ ആകും.

## വാട്ടർ ഫാൾ ക്രാഫ്റ്റ്സ്(പാഠം-4)

### കടുവ പിക്ചർ ഫ്രേം






അച്ചടിച്ച് ഓരോരുത്തർക്ക് കൊടുക്കുക:

1. കടുവയുടെ രൂപത്തിലുള്ള ഫ്രേം

2 സെറ്റ് പല്ലുകൾ

2 കണ്ണുകൾ

നിറം കൊടുത്ത് കടുവയുടെ തലപോലെ മുറിക്കുക

ചെറിയ കൃത്രിമ കണ്ണുകൾ(കണ്ണിന്റെ വൃത്തം) അതിന്റെ സ്ഥാനത്ത് ഒട്ടിക്കുക അവസാനമായി കടുവയുടെ പിൻഭാഗത്ത് പല്ലുകൾ ഒട്ടിക്കുക. ചിത്രങ്ങൾ  എടുക്കാൻ കഴിയുമെങ്കിൽ എടുത്ത് പ്രിന്റ് ചെയ്ത് ആ ചിത്രം കടുവയുടെ വായിൽ വക്കുക.

## ഉപസംഹാരം (പാഠം-4)

ജീവിതമാകുന്ന കാട്ടിൽ നാം നട്ടം തിരിയുമ്പോൾ എസ്ഥേറിനെ ഹാമാൻ ആക്രമിച്ചതുപോലെ ജനങ്ങൾ നമ്മെയും ആക്രമിക്കും. എന്നാൽ ദൈവ കുടുംബത്തിന്റെ ഭാഗമായതിനാൽ നമുക്ക് ഭയത്തിനവകാശം ഇല്ല. മറ്റുള്ളവർ നിങ്ങളുടെ കൂടെ ഉള്ളതായി ഭാവിക്കുമെങ്കിലും യേശു വാസ്തവമായി ഇപ്പോഴും നിങ്ങളോടൊപ്പം ഉണ്ട്. സത്യത്തിൽ നിങ്ങളിൽ പലരും ഇന്ന് പ്രാർത്ഥിച്ചതുപോലെ നമ്മുടെ ഹൃദയത്തിൽ പ്രാർത്ഥിക്കുമ്പോഴും അവനോടു ചോദിക്കുമ്പോഴും നാം അവന്റെ കുടുംബത്തിന്റെ ഭാഗമാണെന്നു ഉറപ്പിക്കുവാൻ കഴിയും. നമ്മുടെ ബൈബിൾ വാക്യം പറയുന്നതുപോലെ ''നാം ദൈവത്തിനുള്ളവർ ആയിരിക്കുമ്പോൾ അവന്റെ കൈകളിൽ നിന്ന് ആരും നമ്മെ പിടിച്ചു പറിക്കയില്ല'' പ്രധാന വിഷയം നമുക്കൊന്നിച്ചു പറയാം ... ''ക്രിസ്തുവിന്റെ പൈതൽ എന്ന നിലയിൽ സ്വർഗ്ഗത്തിൽ എനിക്ക് നിത്യ ജീവൻ ഉണ്ട്.''ഒരു ആവേശകരമായ കാടിനെ അതിജീവിക്കുക എന്ന വി.ബി.എസിലേക്ക് നാളെയും കടന്നുവരിക. അവിടെ നമുക്ക്  ഏതു ടീമാണ് കളിച്ച്, അതിജീവിച്ചു വിജയിക്കുന്നതെന്ന് കാണാൻ കഴിയും!

## പാഠം-5

യേശുക്രിസ്തു എന്നെ ധൈര്യമുള്ളവനാക്കുന്നു.

### പ്രധാനവിഷയം (പാഠം-5)

കാര്യങ്ങൾ അസാദ്ധ്യമെന്നു തോന്നുമ്പോഴും ഭയത്തെ എനിക്ക് കീഴടക്കാൻ കഴിയും

### ബൈബിൾ വാക്യം (പാഠം-5)

ഗോല്യാത്ത് ഭീഷണിപ്പെടുത്തുന്നു (1 ശമു. 17)


### ആമുഖം (പാഠം-5)

കാടിനെ അതിജീവിക്കുക എന്നതിന്റെ അവസാന ഭാഗത്തേക്ക് നാം എത്തിയിരിക്കുന്നു. ബോഗ്ലി മുതൽ എല്ലാ മൃഗങ്ങളും ടീമിന്റെ പ്രതിനിധികളും ഇവിടെയുണ്ട്. ഈ സമാപന ദിനത്തിനുവേണ്ടിയും പ്രത്യേക സമയത്തിനുവേണ്ടിയും തിരികെയെത്തിയിരിക്കുന്നു. നിങ്ങൾക്ക് എന്താണ് ലഭിക്കുന്നത് . ശരി വിനോദത്തിൽ പങ്കെടുത്തു. ട്വിറ്റിൽ കാടിനെ അതിജീവിക്കുക എന്ന ഹാഷ് റ്റാഗിൽ നിങ്ങൾ എന്ത് ചിന്തിക്കുന്നു എന്ന് അറിയിക്കുക. വിനോദം നിറഞ്ഞ ഒരു ദിവസം ആയിരിക്കും ഇന്ന്. ഓരോദിവസവും നിങ്ങളും ഞാനും ഭയത്തിന്റെ സാഹചര്യങ്ങൾ അഭിമുഖീകരിച്ച കാര്യങ്ങൾ അസാദ്ധ്യം എന്ന് തോന്നുമ്പോൾ ക്രിസ്തുവിലൂടെ ഈ ഭയത്തെ നമുക്ക് കീഴടക്കുവാൻ കഴിയും. ഇന്നത്തെ ബൈബിൾ വാക്യം അവതരിപ്പിക്കുക യോശു. 1:9. തിടുക്കത്തിൽ നമുക്ക് ഇന്നത്തെ ദിവസത്തേക്ക് കടക്കാം. ഇന്ന് ബോഗ്ലിയെ നമുക്ക് കാണാം, ദാവീദിനെയും ഗോല്യാത്തിനെയും പറ്റി പഠിക്കാം. ചില വിനോദ സ്നാക്ക്സും കളികളും കരകൌശലങ്ങളും ചെയ്യാം. നമുക്കൊന്നിച്ച് ഇന്നത്തെ പ്രധാനവിഷയം പറയാം, “കാര്യങ്ങൾ അസാദ്ധ്യമെന്നു തോന്നുമ്പോഴും ഭയത്തെ എനിക്ക് കീഴടക്കാൻ കഴിയും” ദിവസാന്ത്യത്തിൽ ഈ വനസമാനമായ ജീവിതത്തെ അതിജീവിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം ക്രിസ്തുവിൽ നമ്മൾ ധൈര്യശാലികൾ ആണെന്നറിയുമ്പോൾ നമുക്ക് ലഭിക്കും.

### മൃഗങ്ങൾ (പാഠം-5)

മുതല ഭയപ്പെടുത്തുന്ന എലി സഹായത്തിനെത്തുന്നു.

### ടീമുകൾ (പാഠം-5)



ഓരോ ടീമും മുന്നോട്ട് വന്ന് ആഹ്ലാദാരാവങ്ങളും അലങ്കാരങ്ങളും അവതരിപ്പിച്ച മുഴുവൻ ഗ്രൂപ്പിനെയും അഭിവാദനം ചെയ്യുക. ഏത് ടീമാണ് വിജയികൾ എന്ന പേരിനു യോഗ്യതയുള്ളതെന്ന് ഉള്ള വിധി നിർണ്ണയം നടത്തുക.

### ബൈബിൾ വാക്യങ്ങൾ (പാഠം-5)

“നിന്റെ ദൈവമായ യഹോവ നീ പോകുന്നിടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ടു ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക; ഭയപ്പെടരുതു, ഭ്രമിക്കയും അരുതു എന്നു ഞാൻ നിന്നോടു കല്പിച്ചുവല്ലോ.” യോശുവ 1:9

### നാടകം (പാഠം-5)

റിംഗ്,റിംഗ്,റിംഗ്...അലാറം തുടർച്ചയായി അടിക്കുന്നു. വീണ്ടും അടിച്ചപ്പോൾ അതു നിർത്തുവാനുള്ള ബട്ടണിൽ ഞെക്കി. അപ്പോൾ അവന്റെ ഫോൺ അടിക്കുകയും ഉടൻ തന്നെ അവൻ ഉണർന്ന് ജീപ്പിനു വെളിയിലെത്തുകയും ചെയ്തു. അവന്റെ കൂട്ടുകാരനായ എലി കാട്ടിലെ സ്കൂളിൽ പോകുന്നതിനു സഹായിക്കാമോ എന്ന് ഫോണിൽ ബോഗ്ലിയോടു വിളിച്ചു ചോദിച്ചു. ബോഗ്ലി സമ്മതിച്ചെങ്കിലും എലിയെ സ്കൂളിൽ കൊണ്ടുപോകുന്നതിന് മുമ്പ് തിടുക്കത്തിൽ അവന്റെ പ്രഭാതഭക്ഷണം കഴിക്കേണ്ടിയിരുന്നു. അവൻ തിടുക്കം കാണിച്ചില്ലെങ്കിൽ 2 പേരും താമസിക്കും. എന്നാൽ ബോഗ്ലി എത്തിയപ്പോൾ എലിയുടെ കൈയ്യിൽ ഒരു പൈ(അട) ഉണ്ടായിരുന്നു. അത് അവനെ ആശ്ചര്യപ്പെടുത്തും വിധം അവന്റെ വായിലിട്ടുകൊടുത്തു. ചതുപ്പുനിലത്ത് (ചെളി പ്രദേശത്ത്)എത്തുന്നതുവരെ അവർ ചിരിച്ചും കളിച്ചും ബോഗ്ലിയുടെ മുഖം തുടച്ചും നടന്നുകൊണ്ടിരുന്നു. ഓ. അവർ എങ്ങനെ ഈ വെള്ളം നിറഞ്ഞുകിടക്കുന്ന ചതുപ്പിനെ മറികടക്കും? അവർ അതിന്റെ അറ്റത്തെത്തിയപ്പോൾ ഒരു വള്ളം കണ്ടു അതിൽ കയറി അക്കരേക്ക് തുഴഞ്ഞു. പെട്ടെന്ന് അവർ ഏതോ മൃഗം മുരളുന്ന ശബ്ദം കേട്ടു. ഏതു മൃഗമാണെന്ന് അറിവാൻ

ചുറ്റും നോക്കി. എലിയാണ് അത് ആദ്യം കണ്ടുപിടിച്ചത്. ഒരു ചീങ്കണ്ണി. ബോഗ്ലിയോടു ധൈര്യമായിരിക്കാൻ എലി ഉത്തേജിപ്പിച്ചു. അവർ ആവുന്നത്ര വേഗത്തിൽ തുഴയുന്നതനുസരിച്ചു ചീങ്കണ്ണിയും അവരെ പിന്തുടർന്ന് കൊണ്ടിരുന്നു. 2 പേരും ഒരുപോലെ നിലവിളിച്ചു. ഞാൻ ശരിക്കും ഭയപ്പെട്ടു. ചീങ്കണ്ണി അവരുടെ അടുത്തെത്തുന്നത് കണ്ടപ്പോൾ, ചീങ്കണ്ണി അടുത്തെത്തുന്നതിനു മുമ്പ് അവർക്ക് തുഴഞ്ഞു അക്കരെയെത്താൻ കഴിയില്ലെന്ന് ബോഗ്ലിക്ക് മനസിലായി. കാട്ടിലെ സ്കൂളിൽ എത്തിച്ചേരുവാൻ താമസിക്കുമല്ലോ എന്നത് ബോഗ്ലി പൂർണ്ണമായും മറന്നു. ചീങ്കണ്ണിക്ക് ഭക്ഷണമായിത്തീരാൻ പോകുന്നല്ലോ എന്ന് വ്യാകുലപ്പെട്ടു. എലി ബോഗ്ലിയോടു ധൈര്യമായിരിക്കുവാൻ പറയുന്നുണ്ടെങ്കിലും അവന്റെ അലർച്ച മൂലം അവനൊന്നും കേൾക്കാൻ കഴിയുമായിരുന്നില്ല. ബോഗ്ലി അവന്റെ കൂട്ടുകാരൻ കരടിയെ അപ്പോൾ ഓർത്തു. അവൻ ഫോൺ പെട്ടെന്നെടുത്തു അവനൊരു സന്ദേശം അയച്ചു. ചീങ്കണ്ണി വള്ളത്തോട് അടുത്തടുത്തുവന്നു അതിന്റെ പല്ലുകൾ വള്ളത്തിന്മേൽ ബലമായി ഉറപ്പിക്കാൻ ശ്രമിച്ച ആ നിമിഷത്തിൽ കരടി അതിന്റെ തീരത്തെത്തി ഉച്ചത്തിൽ അട്ടഹസിച്ചപ്പോൾ ആ സ്ഥലം കുലുങ്ങി. അപ്പോൾ ആ ചീങ്കണ്ണി ഭയപ്പെട്ടു ഉച്ചത്തിൽ നിലവിളിച്ചു തിരിച്ച് നീന്തുവാൻ തുടങ്ങി. അസാദ്ധ്യമായ ഒരു കാര്യം സംഭവിച്ചതിനാൽ എല്ലാവരും ആനന്ദം കൊണ്ട് ഉച്ചത്തിൽ ആർപ്പു വിളിച്ചു. ബോഗ്ലി ഉച്ചത്തിൽ ഇപ്രകാരം പറഞ്ഞു, “കാര്യങ്ങൾ അസാദ്ധ്യമെന്നു തോന്നുമ്പോഴും ഭയത്തെ എനിക്ക് കീഴടക്കാൻ കഴിയും!!!! യേശുക്രിസ്തു എന്നെ ധീരതയുള്ളവനാക്കുന്നു. മറുവശത്ത് അവരൊരുമിച്ചു ഒരു സെൽഫിയെടുത്ത് കഴിയുന്ന വേഗത്തിൽ സ്കൂളിലെത്താൻ ശ്രമിച്ചു. തീർച്ചയായും ഈ പ്രാവശ്യം സ്കൂളിലെത്താൻ താമസിക്കുമെന്ന് ബോഗ്ലി കരുതിയെങ്കിലും ബെൽ അടിക്കുന്നതിനു മുമ്പ് കാട്ടിലെ സ്കൂളിൽ താൻ എത്തി. കൂടുതൽ അസാദ്ധ്യമായ കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ബോഗ്ലി, തന്റെ ക്ഷീണാവസ്ഥയിലും ഈ ആഴ്ചയിലെ എല്ലാ ദിവസവും തക്ക സമയത്ത് സ്കൂളിലെത്താൻ കഴിഞ്ഞു. കാര്യങ്ങൾ അസാദ്ധ്യമാണെന്നു തോന്നുമ്പോഴും എനിക്ക് ഭയത്തെ തരണം ചെയ്യുവാൻ കഴിയും. യേശുക്രിസ്തു എന്നെ ധൈര്യവാനാക്കുന്നു. അന്ന് താൻ തന്റെ ജീപ്പിൽ ഉറങ്ങുവാൻ ആരംഭിക്കുന്നതിനു മുമ്പ് ആ രാത്രി ബോഗ്ലി നന്നായി ആഘോഷിച്ചു.

## കേവ് ക്ലാസ് (പാഠം-5)

### ഗോലിയാത്ത് ഭീഷണിപ്പെടുത്തുന്നു (1 ശമുവേൽ 17)




ബൈബിൾ കഥയിലെ ഓരോ ഭാഗം പറയുമ്പോൾ കാണിച്ചിരിക്കുന്നതുപോലെ ചിത്രങ്ങൾ വരയ്ക്കാൻ കുട്ടികളെ അനുവദിക്കുക. വിദ്യാർത്ഥികൾക്ക് പകർത്തിയെടുക്കത്തക്കവിധത്തിൽ ലഘുവായും അവർക്ക് വരയ്ക്കാൻ കഴിയുന്നതുപോലെയും ചിത്രങ്ങൾ ആയിരിക്കുവാൻ ശ്രദ്ധിക്കുക.

1. 7 സഹോദരന്മാരിൽ ഏറ്റവും ഇളയവനാണ് ദാവീദ്. ആട്ടിൻ കൂട്ടത്തിന്റെ ഉത്തരവാദിത്വം പിതാവ് അവനെ ഏല്പിച്ചു. ഒരു ദിവസം ശൌലിന്റെ പട്ടാളത്തിലെ 3 സഹോദരന്മാർ യുദ്ധം ചെയ്യുന്ന യുദ്ധ ഭൂമിയിൽ അവർക്ക് ഭക്ഷണവും തന്റെ സൈന്യാധിപന് 10 പാൽക്കട്ടിയും കൊണ്ടുകൊടുക്കുവാൻ പിതാവ് അവനോടു പറഞ്ഞു.



ചിത്രം:1

പിന്നിൽ തൂക്കിയിട്ടിരിക്കുന്ന അപ്പവും ഭക്ഷണവും പാൽക്കട്ടികളും

2. ഫെലിസ്ത്യ സൈന്യത്തിലെ അഗ്രഗണ്യനായിരുന്ന ഗോല്യാത്ത് വളരെ ഉയരം കൂടിയ (3 മീറ്റർ 9’ 9” ഉയരം) ഒരുവനായിരുന്നു. ഇസ്രായേൽ സൈന്യത്തിന് ഭയം ജനിപ്പിക്കത്തക്ക വിധത്തിൽ അവൻ അപമാനിക്കുകയും അട്ടഹസിക്കുകയും ചെയ്തു. സൈന്യം മുഴുവൻ യുദ്ധം ചെയ്തു അനേകരെ കൊന്നൊടുക്കുന്നതിനു പകരമായി ഒരാൾ ഗോല്യാത്തിനെതിരായി യുദ്ധം ചെയ്തു. ജയിക്കുന്നതാണ് നല്ലതെന്നും ആരു ജയിക്കുന്നോ അവരവരുടെ രാജ്യം ജയിക്കും എന്ന ഒരു നിർദ്ദേശം ഫെലിസ്ത്യർ വച്ചു.



ചിത്രം:2 ഭയപ്പെട്ട പട്ടാളക്കാർ


3. പിതാവ് കൊടുത്തയച്ച സാധനങ്ങൾ നൽകുന്നതിനിടയിൽ ഗോല്യാത്തിന്റെ ഭീഷണിയും ദാവീദ് കേട്ടു. ദൈവം യിസ്രായേലിന്റെ പക്ഷത്തുണ്ടെന്നു ദാവീദിന് അറിയാമായിരുന്നതിനാൽ ഗോല്യാത്തിനെ ദാവീദ് ഭയപ്പെട്ടില്ല.




ഗോല്യാത്തിനെതിരായ യുദ്ധത്തിലെ പട്ടാളക്കാരൻ ആകുമെന്ന് ദാവീദ് പ്രഖ്യാപിച്ചു. ധൈര്യം നിറഞ്ഞ ഈ വാക്കുകൾ കേട്ട ശൌൽ അവനെ വിളിപ്പിച്ചു. അവൻ തീരെ പൊക്കമില്ലാത്തവനും ചെറുപ്പക്കാരനുമാണെന്ന് ശൌൽ ദാവീദിനെ ഓർപ്പിച്ചു. മാത്രമല്ല ഗോല്യാത്ത് അനേക വർഷങ്ങൾ ആയ യോദ്ധാവാണെന്നും ദാവീദിനു യുദ്ധത്തിൽ പരിശീലനം ഇല്ലാത്തവനും ആണെന്നും ശൌൽ പറഞ്ഞു.

ചിത്രം-3 ശൌൽ രാജാവ്

4. ദാവീദ് ധൈര്യവാനാണെന്നു ശൌൽ രാജാവിന്റെ മുമ്പിൽ തെളിയിക്കണമായിരുന്നു. അവന്റെ ആട്ടിൻ കൂട്ടത്തിലെ ആടുകളെ കൊല്ലുവാൻ ഒരിക്കൽ ഒരു സിംഹവും മറ്റൊരിക്കൽ ഒരു കരടിയും വന്നപ്പോൾ അവയെ കൊന്നത് ദാവീദ് ശൌലിനെ വിവരിച്ചു കേൾപ്പിച്ചു. ഏറ്റവും വിശ്വസനീയമായ വാദം അവനുണ്ടായിരുന്നത് ഇതായിരുന്നു. സിംഹത്തിന്റെയും കരടിയുടെയും വായിൽ നിന്ന് വിടുവിച്ച ദൈവം ഈ ഫെലിസ്ത്യന്റെ കയ്യിൽ നിന്നും എന്നെ വിടുവിക്കും. കാര്യങ്ങൾ അസാദ്ധ്യമെന്നു തോന്നിയാലും ദൈവം അവന്റെ പക്ഷത്തുണ്ട് എന്ന ഒരു ഉറപ്പ് അവനുണ്ടായിരുന്നു. അസാദ്ധ്യമായ സാഹചര്യങ്ങളെ ധൈര്യത്തോടെ നേരിടാൻ ദൈവം നമ്മോടു കൂടെയുള്ളതിനാൽ നമുക്ക് കഴിയും.



ചിത്രം-4 : ഒരു കരടിയും ഒരു  സിംഹവും



5.യിസ്രായേൽ രാജ്യത്തിനു വേണ്ടി ഗോല്യാത്തിനെതിരെ യുദ്ധം ചെയ്യാൻ ദാവീദിനെ വിശ്വാസത്തിലെടുക്കാൻ ശൌൽ രാജാവ് തീരുമാനിച്ചു. ഏറ്റവും നല്ല പരിചയും കവചവും വാളും അവനു നൽകി. അതിനു വലിയ ഭാരമായിരുന്നതിനാൽ അത് തൂക്കി നടക്കാൻ  അവനു കഴിഞ്ഞില്ല. ആയുധോപകരണങ്ങൾ ഒന്നും ഉപയോഗിക്കാതെ അതിനു പകരം തന്റെ ആടുകളുടെ സംരക്ഷണത്തിനു വേണ്ടി താൻ ഉപയോഗിച്ചിരുന്ന അതേ ആയുധം ഉപയോഗിക്കാൻ തീരുമാനിച്ചു. അവൻ വിജയിച്ചാൽ അത് തന്റെ അമാനുഷിക ശക്തികൊണ്ടോ കഴിവുകൊണ്ടോ യുദ്ധോപകരണങ്ങളുടെ മികവുകൊണ്ടോ ആയിരിക്കയില്ല എന്ന് തനിക്ക് അറിയാമായിരുന്നു. 5 കല്ലുകൾ തിരഞ്ഞെടുത്ത് കവിണയുമായി ഗോല്യാത്തിനെതിരെ യുദ്ധത്തിനു പുറപ്പെട്ടു. ആദ്യം ഗോല്യാത്തിന്റെ നെറ്റിയിൽ  കൃത്യമായി എറിഞ്ഞപ്പോൾ അവൻ മരിച്ചു വീണു. ദാവീദ് ധൈര്യവാനായിരുന്നു കാരണം അവൻ അറിഞ്ഞിരുന്നു  ദൈവത്താൽ എല്ലാം സാദ്ധ്യമാണെന്ന്.

ചിത്രം-5 കവിണയും 5 കല്ലും

## അഭിപ്രായങ്ങൾ

2 നിർദ്ദേശങ്ങളും ക്ലാസ്സിൽ ഉച്ചത്തിൽ വായിക്കുക. അതുകൊണ്ട് "അഭിപ്രായങ്ങൾ" എന്ന ആശയം വിദ്യാർത്ഥികൾക്ക് ചിന്തിക്കുവാനും  ഇരുവശങ്ങളും ശരിയായ വിധത്തിൽ ക്രമീകരിക്കുവാനും സാദ്ധ്യമാക്കുക. കൊടുത്തിരിക്കുന്ന 2 ഓപ്ഷനുകളും വായിച്ചു 2-ഉം ശരിയായ ഉത്തരങ്ങൾ ആയി തോന്നുന്നതുപോലെ ആക്കുക. വോട്ടെടുപ്പിനു നിങ്ങൾ തിരഞ്ഞെടുക്കുന്ന സ്റ്റിക്കറുകൾ ഉപയോഗിക്കാം. ശരിയായ ഉത്തരം അവരെ കാണിക്കാൻ ശ്രമിക്കാതെ അവർ തന്നെത്താൻ ചിന്തിക്കുവാൻ അവസരം നൽകുക.

ചോദ്യം : ഗോല്യാത്തിനെതിരായി യുദ്ധം ചെയ്യാനും സംസാരിക്കാനും ദാവീദ് മുതിർന്നത് ശരിയോ?

A. തനിയെ ഗോല്യാത്തിനെതിരായി യുദ്ധം ചെയ്യുന്നതിൽ താല്പര്യം കാണിക്കാൻ പാടില്ലായിരുന്നു. അവൻ ശക്തൻ അല്ലെങ്കിൽ  യിസ്രായേൽ മുഴുവനും യുദ്ധത്തിൽ തോറ്റു ഫെലിസ്ത്യർക്ക് അടിമകൾ ആയി മാറും. അതിന്റെ അപകട സാദ്ധ്യത വളരെ ഉയർന്നതാണ്.


B. വലിപ്പമോ ശക്തിയോ വയസോ അനുഭവ പരിചയമോ ഒന്നും വിഷയമല്ല കാരണം യുദ്ധം യാഹോവക്കുള്ളതാണെന്ന് ദാവീദ് അറിഞ്ഞിരുന്നു.

ഗോല്യാത്ത് ചെയ്തതുപോലെ എന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ  അനേകർ എന്നെ പരിഹസിക്കുകയും ഭീഷണിപ്പെടുത്തുകയും എനിക്ക് ദോഷം വരുത്താൻ ശ്രമിക്കയും ചെയ്യും. എന്നാൽ കാര്യങ്ങൾ അസാദ്ധ്യമെന്ന തോന്നുമ്പോൾ ഞാൻ ജയാളി ആയി മാറും. യേശുക്രിസ്തു എന്നെ ധൈര്യവാനാക്കുന്നു.

## ബൈബിളിലൂടെ സഞ്ചരിക്കുക(പാഠം-5)

ബൈബിളിലൂടെ വള്ളത്തിൽ സഞ്ചരിക്കുവാനായി ഉള്ള നദിയിലേക്കു സ്വാഗതം. ഓരോ ദിവസത്തിന്റെ പാഠത്തിന്റെ തലക്കെട്ടും മുദ്രാവാക്യങ്ങളും മന:പാഠവാക്യങ്ങളും എല്ലാവരും ചേർന്ന് പറയുക. വിദ്യാർത്ഥിയുടെ പുസ്തകങ്ങൾ അവർക്ക് കൊടുത്ത് ഒളിച്ചുവക്കപ്പെട്ട സങ്കീർണ്ണതകൾ കണ്ടുപിടിക്കുവാൻ പ്രോത്സാഹിപ്പിക്കുക. അവസാനമായി നിങ്ങളുടെ കുട്ടികൾ പുസ്തകത്തിലെ 2 പ്രവൃത്തികൾ ചെയ്ത പേജുകൾക്ക് നിറം കൊടുക്കട്ടെ .

ഉത്തരങ്ങൾ




(എളുപ്പമുള്ളതും പ്രയാസമേറിയതുമായ ഉത്തരങ്ങളിൽ നിന്നു ഇടത്തരം പുസ്തകത്തിലെ ഉത്തരങ്ങൾ കാണാം.)

## ട്രോപ്പിക്കൽ റസ്റ്റോറന്റ് (പാഠം-5)

### ദാവീദിന്റെ യുദ്ധ സാമഗ്രികൾ അടങ്ങിയത്

ചേരുവകൾ :



- ചോള ദോശയോ(ടോർട്ടില്ലോ) പരന്ന ബ്രഡോ (ഒരു കുട്ടിക്ക് ഓരോന്ന് വീതം)
- വൃത്തത്തിലുള്ള സ്നാക്സ്- ഒരു കുട്ടിക്ക് 5 വീതം

അഭിപ്രായങ്ങൾ :

മുന്തിരി, കാൻഡി, ചീസ് പഫ്സ്, ഏതെങ്കിലും വൃത്തത്തിലുള്ള സ്നാക്സ്

നിർദ്ദേശങ്ങൾ :

- നേർമ്മയാകുന്ന വിധത്തിൽ ചോള ദോശയോ (ടോർട്ടില) ബ്രഡോ ചെറുതായി ബാഗിന്റെ രൂപത്തിൽആക്കിയെടുക്കുക.
- 5 സ്നാക്ക് ബോൾസ് ഓരോ കുട്ടികളും എടുത്തു അവരുടെ ചോള ദോശ(ടോർട്ടില) യിൽ വച്ച് ആ ബോളുകൾ ഒരുമിച്ച് കൂട്ടി ദാവീദിന്റെ ബാഗിൽ 5 മിനുസമുള്ള കല്ലുകളുടെ കൂടെ ഇടുക.
- 9 അടി ഉയരം ഇല്ലാത്ത മറ്റു വിദ്യാർത്ഥികളുടെ നേരെ "കല്ലുകൾ" എറിയാൻ കുട്ടികളെ അനുവദിക്കരുത്.

## മാർഷ് ഗയിംസ്(പാഠം-5)




### 1.ആനയെ വീട്ടിൽ കൊണ്ടുവരിക

5 കുട്ടികൾ വീതം ഗ്രൂപ്പുകൾ ക്രമീകരിക്കുക. 4കുട്ടികൾ മറ്റൊരാളെ("ആനയെ") ഓരോ കാലിലും കൈകളിലും പിടിച്ച് ചുമന്നുകൊണ്ടു പോകുക. ഓറഞ്ചോ വൃത്തത്തിലുള്ളതോ ആയ ഏതെങ്കിലും ഫലം "ആനയുടെ" വയറിനു മുകളിൽ വക്കുക.

ഈ പഴം താഴെ വീഴാതെ മറികടക്കുവാൻ അവസാനം വരെ ശ്രദ്ധിക്കുക. താഴെപ്പോയാൽ ആ ടീം പരാജയപ്പെട്ടു. പഴം താഴെ വീഴാതെ മറികടക്കുന്ന ടീം ആയിരിക്കും വിജയി.

### 2.വെള്ളം നഗരത്തിലേക്ക് ചുമന്നുകൊണ്ടുപോകുക

കുട്ടികളുടെ 2 നീണ്ട ലൈനുകൾ ക്രമീകരിക്കുക. ഓരോ കുട്ടിക്കും കാലിയായ ഒരു പ്ലാസ്റ്റിക്ക് കപ്പ് നൽകുക. ലൈനിലെ ആദ്യത്തെ കപ്പ് നിറച്ച ആൾ തലക്കു മുകളിലൂടെ പുറകിലത്തെ ആളിന്റെ കപ്പിലേക്ക് വെള്ളം പകരുക. രണ്ടാമത്തെ ആൾ മൂന്നാമത്തെ ആളിനും, അങ്ങനെ തുടരുക. ഏറ്റവും കൂടുതൽ ഒടുവിലത്തെ കപ്പിൽ വെള്ളം ഏതു ടീം സംഭരിക്കുന്നുവോ അവരാണ് വിജയി.

## വാട്ടർഫോൾ ക്രാഫ്റ്റ് (പാഠം-5)




### ചീങ്കണ്ണിയുടെ മുഖം മൂടി

ഓരോ വിദ്യാർത്ഥികൾക്കും അച്ചടിച്ച് നൽകുക:

1. ചീങ്കണ്ണിയുടെ മുഖം മൂടി

ഒരു സെറ്റ് ചീങ്കണ്ണിയുടെ പല്ലുകൾ

150 സെ.മീ റിബൺ കഷണം

2 കണ്ണുകൾ



1. നിറം കൊടുത്ത് മുഖം മൂടി രൂപത്തിൽ മുറിച്ചെടുക്കുവാൻ വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകുക. കീറുവാൻ തക്കവിധത്തിൽ റിബണിന്റെ ദ്വാരങ്ങൾ മുഖം മൂടിയുടെ വശങ്ങളിൽ അദ്ധ്യാപകർ ഇട്ടുകൊടുക്കുക.

2 നേരെയുള്ള അഗ്രത്ത് വലിയ കണ്ണുകൾ ഒട്ടിക്കുന്നതെങ്ങനെയെന്നു കുട്ടികൾക്ക് കാണിച്ചുകൊടുക്കുക. ചീങ്കണ്ണിയുടെ പല്ലുകൾ മുഖംമൂടിയുടെ പിൻപിൽ ഒട്ടിച്ച് വളഞ്ഞ രേഖയിലൂടെ ലഘുവായി രൂപം നൽകുക.

4. അവസാനമായി, മുഖം മൂടിയുടെ ഒരു വശത്ത് റിബൺ കെട്ടി മറ്റേ വശം കുട്ടിയുടെ തലയ്ക്ക് അനുരൂപമായി കെട്ടിവെക്കുവാൻ തക്കവണ്ണം ക്രമീകരിക്കുക.

## ഉപസംഹാരം (പാഠം-5)

ഗോല്യാത്ത് ദൈവജനത്തെ ഭീഷണിപ്പെടുത്തിയതുപോലെയോ, ബോഗ്ലി ചീങ്കണ്ണി മൂലം ഭയപ്പെട്ടതുപോലെയോ ആളുകൾ നമ്മെ ഭയപ്പെടുത്തുവാൻ ശ്രമിക്കും. എന്ത് സംഭവിച്ചാലും ദാവീദിനെപ്പോലെ നമ്മുടെ കർത്താവായ യേശുവിന്റെ നാമത്തിൽ നമുക്ക് ആശ്രയിക്കാം. ബൈബിൾ വാക്യത്തിൽ പറയുന്നത് പോലെ നാം പോകുന്നിടത്തൊക്കെയും ദൈവം നമ്മോടുകൂടെ ഉള്ളതുകൊണ്ട് നമുക്ക് ശക്തരും ഭയമില്ലാത്തവരും ആകുവാൻ കഴിയും. നമുക്കൊത്ത് ചേർന്ന് ഇന്നത്തെ വിഷയം ഒന്നായി പറയാം… ‘‘കാര്യങ്ങൾ അസാദ്ധ്യമെന്ന തോന്നുമ്പോഴും ഭയത്തെ എനിക്ക് കീഴടക്കാൻ കഴിയും.’’ എങ്ങനെ ഭയത്തെയും പാപത്തെയും ആക്രമണങ്ങളെയും ജയിച്ച പൂർണ്ണ ധൈര്യവും ബലവും ദയയും ഉള്ളവരായിത്തീരാം എന്ന് ആരായുവാൻ‘‘കാടിനെ അതിജീവിക്കുക’’ എന്ന ഈ വി.ബി.എസിൽ പങ്കാളികൾ ആയതിനു നന്ദി. ഈ കാടിന്റെ സാഹസികതയിൽ നാം ക്രിസ്തുവിൽ ആരാണെന്ന് അറിയാൻ ശ്രമിച്ചത് എത്ര വിനോദം ഉളവാക്കുന്നത് ആയിരുന്നു. നമ്മുടെ ഭവനങ്ങളിലെ എല്ലാ കാര്യങ്ങളും മാറ്റിവച്ച സഭയിൽ വന്ന ഈ സാഹസികതയിൽ പങ്കാളികളായത് നമ്മുടെ ജീവിതത്തിനു സമൂലമായ മാറ്റം വരുത്തി എന്നതിൽ സംശയമില്ല. ഈ പ്രത്യേക ആഴ്ചയിൽ ഇതിന്റെ ഒരു ഭാഗമായിത്തീർന്നതിൽ നന്ദി. അടുത്ത പ്രാവശ്യം ‘‘കാടിനെ അതിജീവിക്കുക’’ എന്നതിന്റെ പുതിയ സീസണിൽ വീണ്ടും കാണാം.

# You were expecting just a fun way to teach kids.



"WE USED TO HAVE 5 KIDS COMING TO SUNDAY SCHOOL," said the children's ministry director of a church in Delhi after just 1 month using Champions Sunday school. "Now we have 25 children regularly! The rich children used to snub the poor children, but now they mingle together. They even help each other solve the puzzles!"

""BUT I DO THE SAME THING, TOO..." a little girl in Mexico said with a sigh. She was looking at herself with a little pocket mirror she made out of tin foil in Sunday school. "...So I can't judge that girl for gossiping." After putting the little mirror back into her pocket, she went to another girl she had gossiped about and apologized for it!

## Use our syllabus and discover surprising spiritual growth in your students!

**Join over 100,000 churches from 20 countries and download life-changing curriculum from www.ChildrenAreImportant.com.**

Children are Important